VOL NO: 10 I ISSUE 10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 MARCH 07 I ₹10



# സകാത്ത്: പ്രസക്തിയും പ്രയോഗവും

സമ്പത്തിന്റെ ആത്യന്തിക അവകാശി സ്രഷ്ടാവായ അല്ലാഹുവാണ്. പരിമിതമായി മാത്രം മനുഷ്യൻ കയ്യടക്കി വെച്ച സമ്പത്തിൽ പോലും അന്യർക്കും അവകാശമുണ്ട് എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. സമ്പത്തിനോടൊപ്പം തന്നെ വിശ്വാസവും സ്ഫുടം ചെയ്തെടുക്കാൻ അത് അവകാശികൾക്ക് കൈമാറിയേ തീരൂ.

**ലോക മേധാവിത്വം കൊതിക്കുന്ന സാമ്രാജ്യത്വ ശക്തികൾ**

**സകാത്തിന്റെ അവകാശികൾ**

**ബദ്റിലെ ഗുണപാഠം**

**ഉസ്മാൻ പാലക്കാഴി • ഡോ. ടി.കെ യൂസുഫ് • അബ്ദുൽ ജബ്ബാർ അബ്ദുല്ല**



മൂല്യബോധമുള്ള തലമുറയ്ക്കായി
ജീവിത നൈപുണികളോടെ.

ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം.

CBSE Syllabus

# GreenHome

## Residential Campus For Boys & Girls

**Std 5 to Std IX**

## 2nd ADMISSION Selection Camp

**11** 2026 April Saturday 9:30AM-4PM

## ഗ്രീൻ ഹോം പ്രത്യേകതകൾ:

- **അക്കാദമിക് മികവും മെന്ററിംഗും:**
വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്ന മികച്ച മെന്ററിംഗ് സിസ്റ്റവും കൗൺസിലിംഗ് സൗകര്യങ്ങളും.
- **ധാർമിക വിദ്യാഭ്യാസം:**
സ്കൂൾ പഠനത്തോടൊപ്പം ഖുർആൻ പഠനം, പ്രാർത്ഥനാ ശീലങ്ങൾ, മതബോധം എന്നിവയിൽ ഊന്നിയുള്ള ജീവിതക്രമം.
- **ഡിജിറ്റൽ ഡിറ്റോക്സ്:**
മൊബൈൽ അഡിക്ഷനിൽ നിന്ന് മാറി നിൽക്കാം
- **സുരക്ഷിത ക്യാമ്പസ്:**
സൽസ്വഭാവവും ആത്മവിശ്വാസവും വളർത്താനുതകുന്ന സ്വസ്ഥമായ താമസ-പഠന സൗകര്യം
- **കഴിവുകളുടെ വികാസം:**
കല, കായികം, ലീഡർഷിപ്പ് പരിശീലനങ്ങൾ. കൂടാതെ പീസ് റേഡിയോയിലൂടെ ആശയവിനിമയ മികവ് വളർത്താൻ പ്രത്യേക അവസരം.







GREEN HOME RESIDENTIAL CAMPUS

GREEN VALLEY PUBLIC SCHOOL

91 9061 716 600
91 9061 786 600, 91 9061 746 600

Green Valley Campus, P.O.Nellikkaparamba, Mukkam, Kozhikode E-mail: info@greenvalleycampus.com | www.greenvalleycampus.com

476

നേർപഥം വാരിക

2026 മാർച്ച് 07
1447 റമദാൻ 17
പുസ്തകം 10 / ലക്കം 10

Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**







ഉസ്മാൻ പാലക്കാഴി

സമ്പത്തിന്റെ ആത്യന്തിക അവകാശി സ്രഷ്ടാവായ അല്ലാഹുവാണ്. പരിമിതമായി മാത്രം മനുഷ്യൻ കയ്യടക്കി വെച്ച സമ്പത്തിൽ പോലും അന്യർക്കും അവകാശമുണ്ട് എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. സമ്പത്തിനോടൊപ്പം തന്നെ വിശ്വാസവും സ്ഫുടം ചെയ്തെടുക്കാൻ അത് അവകാശികൾക്ക് കൈമാറിയേ തീരൂ.

**05** മുഖമൊഴി
ലോക മേധാവിത്വം കൊതിക്കുന്ന സാമ്രാജ്യത്വ ശക്തികൾ

**06** ലേഖനം
ബദ്റിലെ ഗുണപാഠം
മൂസ സ്വലാഹി കാര

**18** കർമപഥം
സകാത്തിന്റെ ഇനങ്ങളും തോതും
ഇബ്നു അബ്ദുല്ല

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ആരോഗ്യപഥം
അമിതവണ്ണം അപകടമാണ്
ഡോ. ജസ്റത്ത്

**29** ലേഖനം
സകാത്തിന്റെ അവകാശികൾ
അബ്ദുൽ ജബ്ബാർ അബ്ദുല്ല

**32** ലേഖനം
ഇസ്‌ലാമിക വൈദ്യത്തിന്റെ മാനുഷിക മാനങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**34** ചിന്താപഥം
ആസ്വാദനത്തിലെ തെറ്റും ശരിയും
നസീമ വാടാനപ്പള്ളി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# നിയമനങ്ങളിലെ സംവരണാനുകൂല്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കണം:

## വിസ്ഡം വിദ്യാഭ്യാസ ബോർഡ്

കോഴിക്കോട്: ന്യൂനപക്ഷങ്ങൾക്ക് അവസരസമത്വവും പ്രാതിനിധ്യവും ഉറപ്പാക്കാൻ ഭരണഘടന അനുശാസിക്കുന്ന സംവരണാനുകൂല്യങ്ങൾ നിയമനങ്ങളിലും കാര്യക്ഷമമായി നടപ്പാക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് ആവശ്യപ്പെട്ടു. തൊഴിലിടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുസ്‌ലിം സമുദായത്തിന്റെ പ്രാതിനിധ്യം ഇപ്പോഴും വളരെ പിന്നിലാണ്. അവസരസമത്വം നടപ്പിലാക്കാൻ പ്രത്യേക പദ്ധതികളാവിഷ്‌കരിച്ച് പരിഹാര നടപടികൾ കൈക്കൊള്ളണം. വിദ്വേഷ പ്രചാരകരുടെ വ്യാജ പ്രസ്താവനകളെ വിശ്വാസത്തിലെടുക്കരുതെന്നും സമുദായത്തിന് അപരത്വം കൽപിച്ച് നൽകുന്ന പ്രവണതകളിൽനിന്ന് കേരളമെങ്കിലും മാറി നിൽക്കണമെന്നും സംഗമം ആവശ്യപ്പെട്ടു.

പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കാൻ ലോകരാഷ്ട്രങ്ങൾ ഇടപെടണം. യുദ്ധക്കെടുതിയനുഭവിക്കുന്ന പ്രവാസികളുടെ ദുരിതമകറ്റാൻ പ്രത്യേക സംവിധാനമൊരുക്കണം. പ്രവാസികൾക്ക് സുരക്ഷയൊരുക്കാനും ആത്മബലം നൽകാനും സർക്കാർ തയാറാകണമെന്നും വിദ്യാഭ്യാസ ബോർഡ് യോഗം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ. അഷ്‌റഫ് മുഖ്യ പ്രഭാഷണം നിർവ ഹിച്ചു. സെക്രട്ടറി നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. ഡോ. ഷഹദാദ്, സി. മുഹമ്മദ് അജ്മൽ, എംകെ ഇർഫാൻ സ്വലാഹി, ശംജാസ് കെ അബ്ബാസ്, പിവി അനിൽ പ്രിംറോസ്, ശൗക്കത്തലി അൻസാരി, മുജീബ് ഒട്ടുൽ തുടങ്ങിയവർ സംസാരിച്ചു.

2026-29 വർഷത്തേക്കുള്ള വിസ്ഡം വിദ്യഭ്യാസ ബോർഡ് രൂപവത്കരിച്ചു. ഭാരവാഹികൾ: നാസിർ ബാലുശ്ശേരി (ചെയർമാൻ), എം.കെ. ഇർഫാൻ സ്വലാഹി (സെക്രട്ടറി), പി.ഒ. ഉമർ ഫാറൂഖ് (ട്രഷറർ), ശൗക്കത്തലി അൻസാരി (വൈസ് ചെയർമാൻ), മുജീബ് ഒട്ടുമ്മൽ (ജോ.സെക്രട്ടറി).

# ആത്മീയ ഉണർവേകി രണ്ടാമത്തെ ഹജ്ജ് ക്യാമ്പ് സമാപിച്ചു

പാണ്ടിക്കാട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചുവരുന്ന ഹജ്ജ് പഠന ക്യാമ്പുകളുടെ പരമ്പരയിലെ രണ്ടാമത്തെ ക്യാമ്പ് മലപ്പുറം ജില്ലാ സമിതിയുടെ നേതൃത്വത്തിൽ പാണ്ടിക്കാട് ഇല്ലം ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിക്കപ്പെട്ടു.

ഏകദൈവാരാധനയുടെ മഹത്ത്വം പ്രാഘോഷിക്കുന്ന ഈ പുണ്യയാത്രയ്ക്ക് ഒരുങ്ങുന്നവർക്ക് കൃത്യമായ ദിശാബോധം നൽകുന്നതായിരുന്നു ക്ലാസുകൾ. മുഹമ്മദ് സ്വാദിഖ് മദീനി, സഅ്ഫർ സ്വാദിഖ് മദീനി എന്നിവർ ഹജ്ജുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ള വിജ്ഞാനം പകർന്നുനൽകി. വിസ്ഡം പണ്ഡിതസഭയുടെ അധ്യക്ഷനും പ്രമുഖ ഖുർആൻ വിവർത്തകനുമായ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂരിന്റെ നേതൃത്വത്തിൽ നടന്ന പ്രായോഗിക പരിശീലനവും സംശയനിവാരണ സെഷനും യാത്രതിരിക്കുന്ന വിശ്വാസികൾക്ക് ഏറെ പ്രയോജനപ്രദമായി.

വിസ്ഡം മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുന്നാസ്വിർ സ്വലാഹി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി അബ്ദുൽ വഹാബ് സ്വലാഹി സ്വാഗതം പറഞ്ഞു. സമീർ മുണ്ടേരി സമാപന പ്രഭാഷണം നിർവഹിച്ചു. ഹാജിമാർക്ക് ആവശ്യമായ വിജ്ഞാനപ്രദമായ പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച ബുക് ഫെയറും ക്യാമ്പിന്റെ ഭാഗമായി ഒരുക്കിയിരുന്നു.

# ലോക മേധാവിത്വം കൊതിക്കുന്ന സാമ്രാജ്യത്വ ശക്തികൾ

പതിറ്റാണ്ടുകളായി അശാന്തി പുകയുന്ന പശ്ചിമേഷ്യ ഇപ്പോൾ ആളിക്കത്തുകയാണ്. 2026 ഫെബ്രുവരി 28ന് അമേരിക്കയും ഇസ്രായേലും സംയുക്തമായി ഇറാന്റെ വിവിധ കേന്ദ്രങ്ങളിൽ മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ ആരംഭിച്ചതാണ് ഇപ്പോഴത്തെ ദുരന്തത്തിന്റെ തുടക്കം. ഒടുവിൽ ഇറാന്റെ പരമോന്നത നേതാവിനെത്തന്നെ അവർ വധിച്ചിരിക്കുന്നു.

അമേരിക്കയും ഇസ്രായേലും സംയുക്തമായി തങ്ങളെ ആക്രമിച്ചപ്പോൾ ഇറാൻ ഇസ്രായേലിന് നേരെയും ആക്രമണം നടത്തി. അതോടൊപ്പം ഗൾഫ് രാജ്യങ്ങളിലെ അമേരിക്കൻ സൈനിക താവളങ്ങൾക്കു നേരെയും മിസൈലാക്രമണം നടത്തി. ഇത് ഗൾഫ് രാജ്യങ്ങളിൽ അശാന്തി പരക്കാൻ കാരണമായി. അവർ ഇത് തങ്ങളുടെ രാജ്യത്തിനു നേരെയുള്ള ആക്രമണമായി കാണുമെന്നതിൽ സംശയമില്ല. ഗൾഫ് രാജ്യങ്ങളിൽ മിസൈലാക്രമണം നടത്താൻ ഇറാൻ ധൈര്യം കാണിച്ചത് ധിക്കാരപരമായ നടപടി തന്നെയാണ്. മിസൈലുകൾ ലക്ഷ്യസ്ഥാനത്ത് പതിക്കണമെന്നില്ല. ജനവാസ കേന്ദ്രങ്ങളിൽ പതിക്കാനും വലിയ തോതിൽ ജീവഹാനി സംഭവിക്കാനും സാധ്യതയുണ്ട്. തിരിച്ചടിക്കാനുള്ള ഇറാന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കാം. എന്നാൽ അത് മറ്റു രാജ്യങ്ങൾക്കു മേലുള്ള കടന്നുകയറ്റമായിക്കൂടാ.

തെമ്മാടി രാഷ്ട്രങ്ങൾ എന്നും ഭീകര രാഷ്ട്രങ്ങൾ എന്നും ഇസ്രായേലിനെയും അമേരിക്കയെയും സമാധാനകാംക്ഷികൾ വിശേഷിപ്പിക്കുന്നത് വെറുതെയല്ല. പശ്ചിമേഷ്യ എന്നല്ല ലോകം തന്നെ തങ്ങളുടെ ആധിപത്യത്തിനു കീഴിൽ വരണമെന്ന ചിന്തയാണ് അവർക്കുള്ളത്. സ്വതന്ത്ര പരമാധികാര രാഷ്ട്രങ്ങളെ ആക്രമിച്ച് ഭരണാധികാരികളെ കൊന്ന് 'സമാധാനം' കൊണ്ടുവരുന്ന പ്രവർത്തനമാണല്ലോ അമേരിക്ക കാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇറാനെ ആക്രമിച്ചതിന് ന്യായമായി നെതന്യാഹു സങ്കടത്തോടെ പറഞ്ഞത് ഖാംനഈ സ്വന്തം ജനങ്ങളെ ക്രൂരമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു എന്നാണ്. ഖാംനഈ അത്ര നിഷ്കളങ്കനല്ലെന്നും പതിനായിരക്കണക്കിന് മനുഷ്യരെ കൊന്നതിന്റെ ചോരപ്പാടുകൾ അദ്ദേഹത്തിന്റെ കൈകളിലുണ്ടെന്നും ലോകർക്കറിയാം. എന്നാൽ പതിനായിരക്കണക്കിന് ഫലസ്തീൻ കുഞ്ഞുങ്ങളെയും സാധാരണക്കാരെയും ചുട്ടുകൊന്ന ചെകുത്താനാണ് ഈ വേദമോതുന്നതെന്ന് ഓർക്കുക.

മിഡിൽ ഈസ്റ്റിൽ ഒരു കഴുകനെപ്പോലെ അമേരിക്ക വട്ടമിട്ടുപറക്കുന്നതിനു പിന്നിൽ പല താൽപര്യങ്ങളുമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ എണ്ണ-വാതക ശേഖരം മിഡിൽ ഈസ്റ്റിലാണ്. ആഗോള വിപണിയിലെ എണ്ണ വില നിയന്ത്രിക്കാനും തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കാനും ഈ മേഖലയിലെ ആധിപത്യം അവർക്ക് അത്യാവശ്യമാണ്. ഇസ്രായേലിന്റെ നിലനിൽപ്പും സുരക്ഷയും ഉറപ്പാക്കുക എന്നത് അമേരിക്കൻ വിദേശനയത്തിന്റെ പ്രധാന ഭാഗമാണ്. ഇതിനായി വലിയ തോതിലുള്ള സൈനിക-സാമ്പത്തിക സഹായങ്ങൾ അവർ നൽകിവരുന്നുണ്ട്. ഈ മേഖലയിൽ അമേരിക്കയുടെ പ്രധാന ശത്രു ഇറാനാണ്. ഇറാന്റെ ആണവ പദ്ധതികളെ തടയുക, മേഖലയിൽ ഇറാന്റെ സ്വാധീനം കുറയ്ക്കുക എന്നിവ അമേരിക്കയുടെ തന്ത്രപ്രധാനമായ ലക്ഷ്യങ്ങളാണ്. സൗദി അറേബ്യ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളുമായുള്ള അമേരിക്കയുടെ സൗഹൃദത്തിന് പിന്നിലെ ഒരു പ്രധാന കാരണം ഇതാണ്. സൂയസ് കനാൽ, ഹോർമുസ് കടലിടുക്ക് തുടങ്ങിയ പ്രധാനപ്പെട്ട ജലപാതകൾ മിഡിൽ ഈസ്റ്റിലാണ്. ആഗോള വ്യാപാരം സുഗമമായി നടക്കാൻ ഈ വഴികളിലെ നിയന്ത്രണവും സമാധാനവും അമേരിക്കയ്ക്ക് പ്രധാനമാണ്. റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങൾ മിഡിൽ ഈസ്റ്റിൽ സ്വാധീനമുറപ്പിക്കുന്നത് അമേരിക്കക്ക് ആലോചിക്കാൻ പോലും കഴിയാത്ത കാര്യമാണ്. ലോകത്തിലെ ഏക 'സൂപ്പർ പവർ' ആയി തുടരാനും ഈ മേഖലയിലെ ആധിപത്യം അവർക്ക് അനിവാര്യമാണ്. ഇതിനായി എന്ത് നെറികേടും കാണിക്കാൻ അവർ തയ്യാറാകുമെന്നതിന്റെ തെളിവാണ് ലോകമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ■



തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും
അല്ലാഹു സഹായിക്കും.
സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം
അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ
ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നതാണ്

# ബദ്റിലെ ഗുണപാഠം


## മൂസ സ്വലാഹി കാര

: 97473 45768


ഇസ്‌ലാമിക ചരിത്രത്തിൽ അല്ലാഹുവിന്റെ നിശ്ചയപ്രകാരം ഏതാനും യുദ്ധങ്ങൾക്ക് നബി(സ്വ)യും സ്വഹാബത്തും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുതുമാണ് ബദ്ർ യുദ്ധം. ശത്രുക്കളിൽ നിന്ന് നബി(സ്വ)ക്ക് നേരെയുള്ള പരിഹാസവും ആരോപണങ്ങളും അക്രമവും എതിർപ്പുകളും കടുത്ത സാഹചര്യത്തിലാണ് ഈ യുദ്ധത്തിന് അല്ലാഹു അനുമതി നൽകിയത്. മുസ്‌ലിംകൾ വിജയം പുൽകിയ ബദ്ർ യുദ്ധത്തെ 'യൗമുൽ ഫുർക്വാൻ' (സത്യാസത്യവിവേചനത്തിന്റെ ദിവസം) എന്നാണ് ക്വുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: "സത്യാസത്യ വിവേചനത്തിന്റെ ദിവസത്തിൽ നമ്മുടെ ദാസന്റെ മേൽ നാം അവതരിപ്പിച്ചതിലും നിങ്ങൾ വിശ്വസിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ അല്ലാഹു ഏതൊരു കാര്യത്തിനും കഴിവുള്ളവനാകുന്നു"(8:41). "ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം തീർച്ചയായും നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്' എന്ന വചനത്തിലെ (44:16) 'അൽബത്ശതുൽ കുബ്റാ' (ഏറ്റവും വലിയ പിടുത്തം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബദ്ർ യുദ്ധമാണെന്ന് ഇബ്നു മസ്ഊദ്(റ) അഭിപ്രായപ്പെട്ടതായി കാണാം.

സത്യസന്ധമായും ആത്മാർഥതയോടെയും വിശ്വാസം നിലനിർത്തിയവർക്കാണ് എക്കാലത്തും ശത്രുക്കളിൽനിന്ന് പരീക്ഷണം നേരിടേണ്ടി വന്നിട്ടുള്ളത്. നബി(സ്വ) പറഞ്ഞു: "ഏറ്റവും കഠിനമായ പരീക്ഷണം പ്രവാചകന്മാർക്കാണ്. പിന്നെ അവരെ പിൻപറ്റിയവർ, പിന്നെ അവരെ പിൻപറ്റിയവർ'' (ബുഖാരി). ബദ്റിലേക്ക് പുറപ്പെട്ട നബി(സ്വ)ക്കും അനുചരന്മാർക്കും ആൾബലവും ആയുധബലവുമല്ല ശക്തിപകർ

**ഒരു വിശ്വാസി അല്ലാഹുവിൽ ഭരമേൽപിച്ചാൽ രക്ഷിതാവായി അല്ലാഹുവിനെ അംഗീകരിക്കുക കൂടിയാണ് ചെയ്യുന്നത്. തവക്കുൽ അല്ലാഹുവിൽ മാത്രമായിരിക്കണമെന്ന ഗുണപാഠം ഉൾക്കൊള്ളേണ്ടതിനു പകരം ബദ്ർ ശുഹദാക്കളുടെ മേൽ തവക്കുലാക്കാനാണ് മുസ്‌ലിയാർ പഠിപ്പിക്കുന്നതും വിശ്വസിപ്പിക്കുന്നതും**

ന്നത്. ഇവ രണ്ടും നന്നെ കുറവായിരുന്നു. ആദർശബലമാണ് വിജയത്തിന് തുണയായത്. മുന്നൂറോളം വരുന്ന മുസ്‌ലിം സൈന്യവും ആയിരത്തിലധികം വരുന്ന ശത്രുസൈന്യവും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെ ഒരു വലിയ ദൃഷ്ടാന്തമായിട്ടാണ് ക്വുർആൻ വിവരിക്കുന്നത്. അല്ലാഹു പറയുന്നു: "(ബദ്‌റിൽ) ഏറ്റുമുട്ടിയ ആ രണ്ടു വിഭാഗങ്ങളിൽ തീർച്ചയായും നിങ്ങൾക്കൊരു ദൃഷ്ടാന്തമുണ്ട്. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. മറുവിഭാഗമാകട്ടെ സത്യനിഷേധികളും. (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് തന്റെ സഹായം കൊണ്ട് പിൻബലം നൽകുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്" (3:13).

ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്നും സ്വീകാര്യമായ ചരിത്രത്തിൽനിന്നും ഈ യുദ്ധത്തെ വായിക്കുന്നവർക്ക് ജീവിതത്തിൽ വെളിച്ചമേകുന്ന ധാരാളം ഗുണപാഠങ്ങൾ ഗ്രഹിക്കാൻ കഴിയും. അവയിൽ ചിലത് സൂചിപ്പിക്കാം.

### പ്രാർഥനയും സഹായതേട്ടവും അല്ലാഹുവിനോട് മാത്രം

ഇവ രണ്ടും ആരാധനയിൽ പ്രധാനപ്പെട്ടവയാണ്. ഏത് അവസ്ഥയിലായിരുന്നാലും ശരി ഒരു സത്യവിശ്വാസി അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യങ്ങൾ അവനോട് മാത്രമേ ചോദിക്കാവൂ എന്നതിനും അതിലൂടെ മാത്രമെ ആഗ്രഹസാഫല്യം സാധ്യമാവുകയുള്ളൂ എന്നതിനുമുള്ള ഏറ്റവും വലിയ തെളിവാണ് ബദ്‌റിൽ നടന്ന പ്രാർഥനയും സഹായതേട്ടവും സത്യത്തിന്റെ ആളുകൾക്ക് അല്ലാഹു നൽകിയ വിജയവും. അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി" (8:9).

നബി(സ്വ) ക്വിബ്‌ലക്ക് മുന്നിട്ട് രണ്ട് കൈകളും നീട്ടി 'അല്ലാഹുവേ, എനിക്ക് നൽകിയ വാഗ്ദാനം നീ പൂർത്തിയാക്കേണമേ, അല്ലാഹുവേ ഈ ചെറു സംഘത്തെ നീ നശിപ്പിക്കരുത്' എന്നാണ് തേടിയത്. എന്നാൽ ഈ മാതൃക പിൻപറ്റേണ്ടതിനു പകരം നമ്മുടെ നാട്ടിലെ മുസ്‌ലിംകളിൽ അധികവും ഇതിനുവിരുദ്ധമായി പ്രവർത്തിക്കുന്നതാണ് നാം കാണുന്നത്. ജനങ്ങളെ നേർവഴിയിൽ നയിക്കേണ്ട പണ്ഡിതന്മാർ പ്രവാചക മാതൃകക്ക് വിരുദ്ധമായ സന്ദേശമാണ് ജനങ്ങൾക്ക് നൽകുന്നത്. ബദ്‌റിൽ രക്തസാക്ഷികളായ സ്വഹാബികളുടെ പേരിൽ ഒരു മുസ്‌ലിയാർ എഴുതി വിടുന്നത് കാണുക: "ഏതേതു പ്രശ്നങ്ങളായിരുന്നാലും ശരി, ഐഹികമാകട്ടെ പാരത്രികമാകട്ടെ, ബദ്‌രീങ്ങളെ വിളിച്ച് സഹായം തേടിയാൽ തീർച്ചയായും സഹായം ലഭിക്കപ്പെടും. ഇസ്‌ലാമിക പ്രമാണങ്ങളിൽ അതിന് മതിയായ രേഖകൾ സ്പഷ്ടമായിരിക്കെ അത് ശിർക്കാണെന്നു പറയുന്നവരുടെ തലക്കാണ് വട്ട്" (ബദ്ർ മൗലിദ് പരിഭാഷയും വിവരണവും, പേജ്:43). പ്രമാണങ്ങൾ പഠിപ്പിച്ചതിന് വിപരീതം പ്രചരിപ്പിക്കുന്നവർ യാതൊരു രേഖയും ചൂണ്ടിക്കാണിക്കാനില്ലാതെയാണ് ഈ അപകടം നിറഞ്ഞ വാദങ്ങൾ ഉന്നയിക്കുന്നതെന്ന് മനസ്സിലാക്കുക.

### ഭരമേൽപിക്കേണ്ടത് അല്ലാഹുവിൽ മാത്രം

വിശ്വാസികൾ ഏതൊരു നന്മ തീരുമാനിച്ചാലും ഭരമേൽപിക്കേണ്ടത് അല്ലാഹുവിലാണ്. ബദ്‌റിലേക്ക് പുറപ്പെട്ട നബി(സ്വ)യും അനുയായികളും അല്ലാഹുവിൽ മാത്രമാണ് തവക്കുലാക്കിയത് അഥവാ ഭരമേൽപിച്ചത്. ആ ബലം തന്നെയാണ് വിജയത്തിന് ഹേതുവായതും. അല്ലാഹു പറയുന്നു: "..അല്ലാഹു സത്യവിശ്വാസികളുടെ കൂടെ തന്നെയാണ്"(8:19).

ഒരു വിശ്വാസി അല്ലാഹുവിൽ ഭരമേൽപിച്ചാൽ രക്ഷിതാവായി അല്ലാഹുവിനെ അംഗീകരിക്കുക കൂടിയാണ് ചെയ്യുന്നത്. തവക്കുൽ അല്ലാഹുവിൽ മാത്ര

മായിരിക്കണമെന്ന ഗുണപാഠം ഉൾക്കൊള്ളേണ്ടതിനു പകരം ബദ്ർ ശുഹദാക്കളുടെ മേൽ തവക്കുലാക്കാനാണ് മുസ്‌ലിയാർ പഠിപ്പിക്കുന്നതും വിശ്വസിപ്പിക്കുന്നതും. "ഞങ്ങളുടെ നാഥാ ബദ്ർ ശുഹദാക്കളുടെ ബർക്കത്ത് കൊണ്ട് ഞങ്ങളുടെ ആശകളെ നിറവേറ്റിത്തരേണമേ...പരീക്ഷണങ്ങളെയും ക്ലേശങ്ങളെയും തടഞ്ഞുവെക്കേണമേ... ആശീർവാദത്തോടെ ഞങ്ങളെ രക്ഷപ്പെടുത്തേണമേ" എന്ന തേട്ടവും (ബദ്ർ മൗലിദ്, പേജ്: 42) മുസ്‌ലിയാർ പഠിപ്പിക്കുന്നുണ്ട്!

ബദ്ർ ശുഹദാക്കളുടെ നാമങ്ങൾ വീടുകളിൽ എഴുതി കെട്ടിത്തൂക്കിയാൽ അതിലൂടെ കാവൽ ലഭിക്കുമെന്ന് കള്ളക്കഥകളിലൂടെ ഇവർ പ്രചരിപ്പിക്കുന്നു. ബദ്ർ മൗലിദിൽ വന്ന ഒരു കഥ ഇങ്ങനെ വായിക്കാം: "ഒരാൾ തന്റെ വീട്ടുവാതിലിന്റെ മേലെ കട്ടിലപ്പടയിൽ ബദ്‌രീങ്ങളുടെ നാമങ്ങൾ എഴുതിവെച്ച് പരിശുദ്ധ ഹജ്ജ് കർമത്തിനായി പുണ്യമക്കയിലേക്ക് യാത്രതിരിച്ചു. മോഷണ ശ്രമത്തിനിടെ ചില സംസാരവും ആയുധങ്ങളുടെ ചിലമ്പൽ ശബ്ദവും അവർ കേട്ടു. ഉടനെ മോഷ്ടാക്കൾ സ്ഥലം വിട്ടു. രണ്ടാം ദിവസവും മൂന്നാം ദിവസവും മോഷ്ടാക്കൾ പ്രസ്തുത വീട്ടിൽ മോഷണ ശ്രമം നടത്തിയെങ്കിലും ആദ്യ ദിവസത്തെ അനുഭവം ഉണ്ടായതിനാൽ നിരാശയോടെ മടങ്ങേണ്ടി വന്നു. ആൾതാമസമില്ലാത്ത വീട്ടിലെ ഈ അനുഭവം മോഷ്ടാക്കളെ അത്ഭുതപ്പെടുത്തി. മോഷണ ശ്രമം അവർ ഉപേക്ഷിച്ചു. വീട്ടുടമസ്ഥൻ പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ചു വീട്ടിൽ തിരിച്ചെത്തിയപ്പോൾ മോഷ്ടാക്കൾ അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു: 'താങ്കൾ ഹജ്ജിനു പുറപ്പെട്ടപ്പോൾ വീടിന്റെ സംരക്ഷണാർഥം എന്തായിരുന്നു ചെയ്തത്? അതൊന്നു പറഞ്ഞു തരണം.' 'വലായഊദുഹു ഹിഫ്ദുഹുമാ വഹുവൽ അലിയ്യുൽ അദ്വീം' എന്ന സൂക്തവും ബദ്‌രീങ്ങളുടെ നാമങ്ങളും എഴുതിവെച്ചതല്ലാതെ വേറെയൊന്നും ഞാൻ ചെയ്തിട്ടില്ലെന്ന് വീട്ടുടമസ്ഥൻ മറുപടി പറഞ്ഞു. ഇതുകേട്ട് മോഷ്ടാവ് പറഞ്ഞു: 'മനസ്സിലായി, സംരക്ഷണ മരുന്ന് ലഭിച്ചു. അല്ലാഹുവിന് സ്തുതി" (സുന്നിഅഫ്കാർ, 2015 ജനുവരി).

ഇങ്ങനെയുള്ള കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് എന്താണ് നേട്ടം? ജനങ്ങൾ കബളിപ്പിക്കപ്പെടുന്നു, ശിർക്കിൽ അകപ്പെടുന്നു എന്നതല്ലേ വാസ്തവം?

**യഥാർഥ സഹായം അല്ലാഹുവിൽനിന്ന് മാത്രം**

അല്ലാഹുവിന്റെ അടിമകളെ സഹായിക്കുക എന്നത് അല്ലാഹുവിന്റെ ബാധ്യതയത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകും. അല്ലാഹു നൽകുന്ന സഹായത്തിന്റെ അവകാശികളാവാൻ അടിമകൾ ചെയ്യേണ്ടത് അവനെയും സഹായിക്കുക എന്നതാണ്. അതായത് മതത്തിന്റെ സംരക്ഷകരാവുക. അല്ലാഹു പറയുന്നു: "...തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും..." (22:40). "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചിച്ചു നിർത്തുകയും ചെയ്യുന്നതാണ്"(47:7).

ബദ്റിൽ മുസ്‌ലിം സൈന്യം ദുർബലമായിരുന്നു. അവരുടെ വിശ്വാസദാർഢ്യത്തിന്റെ ഫലമായി വ്യത്യസ്ത രീതിയിലുള്ള സഹായങ്ങളാണ് അല്ലാഹുവിൽനിന്ന് ലഭ്യമായത്. അല്ലാഹു പറയുന്നു: "നിങ്ങൾ ദുർബലമായിരിക്കെ ബദ്റിൽ വെച്ച് അല്ലാഹു നങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക നിങ്ങൾ നന്ദിയുള്ളവരായേക്കാം" (3:123). അല്ലാഹു നൽകിയ സഹായങ്ങളെക്കുറിച്ച് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്:

*(എ). മലക്കുകളെ ഇറക്കി സഹായിച്ചു:* അല്ലാഹു പറയുന്നു: "(നബിയേ) നിങ്ങളുടെ രക്ഷിതാവ് മൂവായിരം മലക്കുകളെ ഇറക്കിക്കൊണ്ട് നിങ്ങളെ സഹായിക്കുക എന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ എന്ന് സത്യവിശ്വാസികളോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക). (പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:) അതെ, നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽ തന്നെ വന്നെത്തുകയുമാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മലക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്കൊരു സന്തോഷ വാർത്തയായിക്കൊണ്ടും നിങ്ങളുടെ മനസ്സുകൾ സമാധാനപ്പെടുവാൻ വേണ്ടിയും മാത്രമാണ് അല്ലാഹു ആ പിൻബലം നൽകിയത്. (സാക്ഷാൽ) സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽനിന്നു മാത്രമാകുന്നു" (3:124-126).

*(ബി). മുസ്‌ലിം സൈന്യം എണ്ണത്തിൽ കുറവായിരുന്നു.* ശത്രുക്കൾ നോക്കിയപ്പോൾ തങ്ങളുടെ ഇരട്ടിയുണ്ടെന്ന് തോന്നിക്കും

വിധം മുസ്‌ലിംകളിൽ വർധനയുണ്ടായി. അല്ലാഹു പറയുന്നു: "... (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്..."(3:13).

(സി). മഴയിറക്കി സഹായിച്ചു. അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പക്കൽനിന്നുള്ള മനഃശാന്തിയുമായി നിങ്ങളെ നിദ്രാമയക്കംകൊണ്ട് ആവരണം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്ങളിൽനിന്ന് പിശാചിന്റെ ദുർബോധനം നീക്കിക്കളയുന്നതിനും നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും പാദങ്ങൾ ഉറപ്പിച്ച് നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെ മേൽ ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിരുന്ന സന്ദർഭവും (ഓർക്കുക)" (8:11).

*(ഡി). ശത്രുക്കൾക്ക് അല്ലാഹു ഭയം നൽകി.* അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക). ഞാൻ നിങ്ങളുടെ കൂടെയുണ്ട്, അതിനാൽ സത്യവിശ്വാസികളെ നിങ്ങൾ ഉറപ്പിച്ചു നിർത്തുക. സത്യനിഷേധികളുടെ മനസ്സുകളിൽ ഞാൻ ഭയം ഇട്ടുകൊടുക്കുന്നതാണ്..." (8:12).

*(ഇ). അല്ലാഹു തന്റെ വിജയ വാഗ്ദാനം പൂർത്തിയാക്കി.* അല്ലാഹു പറയുന്നു: "സത്യത്തെ സത്യമായി പുലർത്തേണ്ടതിനും അസത്യത്തെ ഫലശൂന്യമാക്കിത്തീർക്കേണ്ടതിനുമത്രെ അത്. ദുഷ്ടന്മാർക്ക് അതെത്ര അനിഷ്ടകരമായാലും ശരി"(8:8).

ദൃഢവിശ്വാസമുള്ളവർക്ക് സത്യത്തിൽ ഉറച്ച് നിൽക്കാൻ തുണയാകുന്ന സഹായം അല്ലാഹുവിൽ നിന്ന് ലഭിക്കും എന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണിത്.

**അഹങ്കാരവും ലോകമാന്യവും ആപത്ത്**

അല്ലാഹു വിലക്കിയ രണ്ട് കാര്യങ്ങളാണിവ. സത്യത്തെ നിരാകരിക്കലും ജനങ്ങളെ ചെറുതായി കാണലുമാണ് അഹങ്കാരം. എല്ലാ കാലത്തും പ്രവാചകന്മാർ പ്രധാനമായും നേരിട്ട പരീക്ഷണം അഹങ്കാരികളിൽ നിന്നാണ്. അഹങ്കാരികൾക്ക് എന്നും നാശം മാത്രമെ ഉണ്ടായിട്ടുള്ളൂ. കർമങ്ങളിൽ നിഷ്കളങ്കത ഇല്ലാതാവലാണ് ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രർത്തിച്ചാൽ ഉണ്ടാകുന്നത്. അത്തരം പ്രവർത്തനങ്ങൾ അല്ലാഹു ആരിൽ നിന്നും സ്വീകരിക്കുകയില്ല. ശത്രുസൈന്യം യുദ്ധത്തിന് പുറപ്പെട്ടത് ഈ രണ്ട് ദുർഗുണങ്ങളും പ്രകടിപ്പിച്ചുകൊണ്ടാണ്. അത് വിശ്വാസികളിൽനിന്ന് ഉണ്ടാകാൻ പാടില്ലെന്ന് അല്ലാഹു താക്കീത് നൽകുന്നുമുണ്ട്. അല്ലാഹു പറയുന്നു: "ഗർവ്വോട് കൂടിയും ജനങ്ങളെ കാണിക്കാൻ വേണ്ടിയും തങ്ങളുടെ വീടുകളിൽനിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെപ്പോലെ നിങ്ങളാകരുത്. അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു"(8:47).

**പിശാച് മനുഷ്യന്റെ മുഖ്യശത്രു തന്നെ**

ശൈത്വാൻ മനുഷ്യന്റെ മുഖ്യശത്രുവാണെന്ന് സംശയലേശമന്യെ അല്ലാഹു ബോധ്യപ്പെടുത്തിത്തന്ന യുദ്ധമാണ് ബദ്ർ. ചീത്ത പ്രവർത്തനങ്ങളിൽ ആകൃഷ്ടതയുണ്ടാക്കി ചതിയിൽ ചാടിക്കുക എന്നതാണ് ശൈത്വാന്റെ കുതന്ത്രം. ശത്രുപക്ഷത്തിന് അവരുടെ പ്രവർത്തനങ്ങളെ ശൈത്വാൻ ഭംഗിയാക്കി തോന്നിച്ചു. അവർ ചതിയിൽ അകപ്പെട്ടു, എന്ന് മാത്രമല്ല അവസാനം ശൈത്വാൻ പിന്തിരിയുകയും ചെയ്തു. അല്ലാഹു പറയുന്നു: "ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടു സംഘങ്ങൾ അന്യോന്യം കണ്ടുമുട്ടിയപ്പോൾ 'എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ' എന്ന് പറഞ്ഞുകൊണ്ട് അവൻ (പിശാച്) പിന്മാറിക്കളഞ്ഞു" (8;48).

ഓർക്കുക, ഇതുതന്നെയാണ് എല്ലാ ചെയ്തികളിലും പിശാചിന്റെ ശൈലി. മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ അവൻ കിണഞ്ഞു ശ്രമിക്കും. ആത്മാർഥതയില്ലാത്ത വിശ്വാസികളെ അവന് പെട്ടെന്ന് പിഴപ്പിക്കുവാൻ സാധിക്കും. അല്ലാഹുവിനോടേ പ്രാർഥിക്കൂ എന്ന ആദർശം മുറുകെ പിടിച്ചതിന്റെ പേരിൽ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുകയും രക്തസാക്ഷികളാവുകയും ചെയ്തവരെ വിളിച്ച് തേടുന്ന ദുരവസ്ഥയിലേക്ക് മുസ്‌ലിംകൾ എത്തിനിൽക്കുന്നുവെങ്കിൽ അത് പിശാചിന്റെ വിജയമാണ്. പൈശാചികതയെ തോൽപിക്കാൻ കഴിയുന്ന വിശ്വാസദാർഢ്യതയാണ് നോമ്പുകൊണ്ട് നാം നേടിയെടുക്കേണ്ടത്.





# സകാത്ത്: പ്രസക്തിയും പ്രയോഗവും

ഉസ്മാൻ പാലക്കാഴി
: 9656 292 244

സാമ്പത്തികശേഷിയുള്ളവരും ഇല്ലാത്തവരും ലോകത്തുണ്ട്. കൂടുതലുള്ളവരും കുറച്ചുള്ളവരും കൂടുതൽ കൂടുതൽ ഉണ്ടാക്കണമെന്നാഗ്രഹിക്കുന്നവരാണ്. വമ്പിച്ച സ്വത്തിന്റെ ഉടമയായി സമൂഹത്തിൽ സ്ഥാനവും മാനവും അംഗീകാരവും നേടിയെടുക്കാനുള്ള ആഗ്രഹം ഇല്ലാത്തവർ വിരളമാണ്.

സ്വകാര്യ സ്വത്തവകാശം ഇസ്‌ലാം അംഗീകരിക്കുന്നു. അനുവദനീയമായ നിലയിൽ സമ്പാദിക്കുവാനും മുസ്‌ലിമിന് സ്വാതന്ത്ര്യമുണ്ട്. എത്ര സമ്പന്നനാണെങ്കിലും അതിന്റെ പേരിൽ അഹങ്കരിക്കാനോ അക്രമം കാണിക്കാനോ പാടില്ല. എല്ലാ സമ്പത്തിന്റെയും

**സമ്പത്തിന്റെ ആത്യന്തിക അവകാശി സ്രഷ്ടാവായ അല്ലാഹുവാണ്. പരിമിതമായി മാത്രം മനുഷ്യൻ കയ്യടക്കി വെച്ച സമ്പത്തിൽ പോലും അന്യർക്കും അവകാശമുണ്ട് എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. സമ്പത്തിനോടൊപ്പം തന്നെ വിശ്വാസവും സ്ഫുടം ചെയ്തെടുക്കാൻ അത് അവകാശികൾക്ക് കൈമാറിയേ തീരൂ.**



യഥാർഥ ഉടമ അല്ലാഹുവാണ്. അവനാണത് നൽകുന്നതും തടയുന്നതും.

എന്നാൽ സ്വത്ത് സമ്പാദിച്ചുകൂട്ടി അത് നല്ലവഴിക്കു ചെലവഴിക്കാതെ അതിൽ 'അടയിരുന്ന്' ആത്മസംതൃപ്തി നേടുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല.

വർത്തമാനകാലത്ത് ഒരാൾ എന്തിന്റെയൊക്കെ ഉടമസ്ഥനും അധിപനുമാണെങ്കിലും അയാൾക്കതെല്ലാം ഏതുനിമിഷവും നഷ്ടപ്പെട്ടേക്കാം. സർവവിധ ആസ്വാദനങ്ങളെയും തകർത്തുകളയുന്ന മരണം ഒരു മനുഷ്യനെ അവൻ ഉടുത്തുകൊണ്ടിരിക്കുന്ന വസ്ത്രത്തിന്റെ പോലും ഉടമയല്ലാതാക്കി മാറ്റുന്നു! അയാളുടെ സ്വത്തിന്റെയും ഉടുതുണിയുടെ പോലും അവകാശി അയാളല്ല; അയാളുടെ അനന്തരാവകാശിയാണെന്നർഥം. സ്വത്തിനോടുള്ള അമിതാർത്തി ഇല്ലാതാക്കുകയും മരണചിന്തയുണർത്തുകയും ചെയ്യുന്ന ഒരു നബിവചനം കാണുക:

ഇബ്നു മസ്ഊദ്(റ) നിവേദനം.; നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ആർക്കാണ് സ്വന്തം സ്വത്തിനെക്കാൾ തന്റെ അനന്തരാവകാശികളുടെ സ്വത്തിനോട് പ്രിയമുണ്ടാവുക?'' അവർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിലെല്ലാവർക്കും കൂടുതൽ പ്രിയം അവനവന്റെ സ്വത്തിനോടു തന്നെയാണ്. അങ്ങനെയല്ലാത്ത ഒരാളും ഞങ്ങളിലില്ല.'' നബി(സ്വ) പറഞ്ഞു: "എന്നാൽ ഒരാളുടെ സ്വന്തം സ്വത്ത് അയാൾ മുൻകൂട്ടി ചെലവുചെയ്തതത്രെ. പിന്നേക്ക് എടുത്തുവെച്ചത് അയാളുടെ അനന്തരാവകാശികളുടെ സ്വത്താണ്''.(ബുഖാരി).

പിന്നെ, മനുഷ്യന് തന്റേതായി എന്താണുള്ളത്? അവൻ ചെലവഴിച്ചു കഴിഞ്ഞതുമാത്രം! ഒരാൾ ദൈവമാർഗത്തിൽ എന്തൊന്ന് ചെലവഴിച്ചാലും അത് അയാളുടെതായി മാറുകയാണ്; പാരത്രിക ലോകത്ത് മഹത്തായ പ്രതിഫലം ലഭിക്കുകവഴി. അതുകൊണ്ടുതന്നെ ഇസ്‌ലാം ദാനധർമങ്ങളെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നു.

"സത്യവിശ്വാസികളേ, നിങ്ങൾ അധ്വാനിച്ചുണ്ടാക്കിയതിൽനിന്നും നിങ്ങൾക്കു നാം ഭൂമിയിൽനിന്ന് ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുക...''(ക്വുർആൻ 2:267).

"അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും നമസ്കാരം നിലനിർത്തുകയും നാം നൽകിയതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവർ ഒരിക്കലും നഷ്ടം പറ്റാത്ത ഒരു വ്യാപാരമാണ് പ്രതീക്ഷിക്കുന്നത്'' (35:29).

നബി(സ്വ) പറഞ്ഞു: "ജീവിച്ചിരിക്കുന്ന കാലത്ത് ഒരു ദിർഹം ദാനം ചെയ്യുന്നത് മരിക്കാൻ നേരത്ത് നൂറ് ദിർഹം ദാനം ചെയ്യുന്നതിനെക്കാൾ ഉത്തമമാണ്''(അബൂദാവൂദ്).

"ഒരു കീറ് കാരക്ക കൊണ്ടാ

ണെങ്കിൽ അതുകൊണ്ടും നിങ്ങൾ നരകത്തിൽനിന്ന് രക്ഷ നേടുക”(ബുഖാരി, മുസ്‌ലിം).

**ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥ**

മനുഷ്യർക്കിടയിലുള്ള സാമ്പത്തിക അസമത്വത്തെ ഇസ്‌ലാം വളരെ യാഥാർഥ്യബോധത്തോടെയാണ് സമീപിക്കുന്നത്. എല്ലാവരും ഒരുപോലെ സമ്പന്നരാകുക എന്നത് പ്രകൃതിനിയമമല്ലെന്നും ഈ വ്യത്യാസങ്ങൾക്ക് പിന്നിൽ വ്യക്തമായ സാമൂഹികവും ആത്മീയവുമായ ലക്ഷ്യങ്ങളുണ്ടെന്നും ഖുർആൻ പഠിപ്പിക്കുന്നു.

*1. അസമത്വം ഒരു പരീക്ഷണമാണ്*

മനുഷ്യരെ സംബന്ധിച്ചിടത്തോളം ഐഹികജീവിതം പരീക്ഷണ ഘട്ടമാണ്. തനിക്ക് സർവശക്തൻ കനിഞ്ഞുനൽകിയ ജീവൻ, ആരോഗ്യം, സമ്പത്ത് തുടങ്ങിയ എല്ലാ അനുഗ്രഹങ്ങൾക്കും പകരമായി ആ സ്രഷ്ടാവിനോട് നന്ദി കാണിക്കുക എന്നത് അവന്റെ കടമയാണ്. ചിലരെ സമ്പന്നരും മറ്റു ചിലരെ ദരിദ്രരുമായി മാറ്റിയതും അവർക്കുള്ള പരീക്ഷണമാണ്. ഏത് അവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കുക എന്നത് സത്യവിശ്വാസികൾക്കുണ്ടായിരിക്കേണ്ട സദ്ഗുണമാണ്.

ഉള്ളവൻ ഇല്ലാത്തവനെ സഹായിക്കണം. അത് മനുഷ്യത്വത്തിന്റെ അടയാളമാണ്. സമ്പന്നരുടെമേൽ നിർബന്ധദാനം അഥവാ സകാത്ത് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത് ഈ മാനുഷികഗുണം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി കൂടിയാണ്.

യാചിക്കേണ്ട അവസ്ഥയുണ്ടായിട്ടും മാന്യത കാത്തുസൂ

**ഉള്ളവൻ ഇല്ലാത്തവനെ സഹായിക്കണം. അത് മനുഷ്യത്വത്തിന്റെ അടയാളമാണ്. സമ്പന്നരുടെമേൽ നിർബന്ധദാനം അഥവാ സകാത്ത് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത് ഈ മാനുഷികഗുണം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി കൂടിയാണ്. യാചിക്കേണ്ട അവസ്ഥയുണ്ടായിട്ടും മാന്യത കാത്തുസൂക്ഷിച്ചുകൊണ്ട് യാചനയുടെ മാർഗം സ്വീകരിക്കാത്തവരും സമൂഹത്തിലുണ്ടായിരിക്കും. അത്തരക്കാരെ കണ്ടെത്തുവാനും അവരെ സഹായിക്കുവാനും സത്യവിശ്വാസികൾക്ക് കഴിയേണ്ടതുണ്ട്.**

ക്ഷിച്ചുകൊണ്ട് യാചനയുടെ മാർഗം സ്വീകരിക്കാത്തവരും സമൂഹത്തിലുണ്ടായിരിക്കും. അത്തരക്കാരെ കണ്ടെത്തുവാനും അവരെ സഹായിക്കുവാനും സത്യവിശ്വാസികൾക്ക് കഴിയേണ്ടതുണ്ട്.

സമ്പത്തുള്ളവനും ഇല്ലാത്തവനും ഈ ജീവിതത്തിൽ പരീക്ഷിക്കപ്പെടുന്നു എന്നാണ് ഖുർആൻ പറയുന്നത്. സമ്പന്നൻ തന്റെ ധനം എങ്ങനെ ചെലവഴിക്കുന്നു എന്നും ദരിദ്രൻ തന്റെ പ്രയാസങ്ങളിൽ എങ്ങനെ ക്ഷമിക്കുന്നു എന്നും അല്ലാഹു നിരീക്ഷിക്കുന്നു.

“...നിങ്ങളിൽ ചിലരെ ചിലരെക്കാൾ പദവികളിൽ നാം ഉയർത്തുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനു വേണ്ടിയാണത്...”(ഖുർആൻ 6:165).

എല്ലാ മനുഷ്യർക്കും അല്ലാഹു ഒരേ സാമ്പത്തികാവസ്ഥയല്ല നൽകിയിരിക്കുന്നത്. മനുഷ്യരുടെ ഉപജീവനമാർഗവും വ്യത്യസ്തമാണ്. അല്ലാഹു പറയുന്നു: “ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (ഖുർആൻ 42:12).

*2. പരസ്പര സഹകരണത്തിനുള്ള വഴി*

സമ്പത്താകുന്ന ദൈവികാനുഗ്രഹം സഹജീവികൾക്കുവേണ്ടി പങ്കുവയ്ക്കാനുള്ള സന്മനസ്സുണ്ടാവുക എന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു:

“തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു. എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്നു നാം

ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്. എന്നാൽ ആര് പിശുക്കു കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചുതള്ളുകയും ചെയ്യുന്നുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കി കൊടുക്കുന്നതാണ്. അവൻ നാശത്തിൽ പതിക്കുമ്പോൾ അവന്റെ ധനം അവന്ന് പ്രയോജനപ്പെടുന്നതല്ല" (ഖുർആൻ 92:4-11).

എല്ലാവരും ഒരേ സാമ്പത്തിക നിലവാരത്തിലാണെങ്കിൽ ലോകത്തെ തൊഴിൽ വിഭജനവും സേവനങ്ങളും തടസ്സപ്പെടും. ഒരാൾക്ക് മറ്റൊരാളെക്കൊണ്ട് ഒരു ജോലി ചെയ്യിപ്പിക്കണമെങ്കിൽ അവിടെ സാമ്പത്തികമായ ഏറ്റക്കുറച്ചിലുകൾ ആവശ്യമാണ്. ഇത് സമൂഹത്തെ പരസ്പരം ബന്ധിപ്പിക്കുന്നു.

*3. സമ്പത്ത് ഒരിടത്ത് മാത്രം കുന്നുകൂടരുത്*

അസമത്വം സ്വാഭാവികമാണെങ്കിലും, സമ്പത്ത് ധനികർക്കിടയിൽ മാത്രം കറങ്ങുന്ന അവസ്ഥയെ ഖുർആൻ കർശനമായി എതിർക്കുന്നു. സമ്പത്തിന്റെ വിതരണം നീതിപൂർവമാകണം എന്നതാണ് ഇസ്‌ലാമിന്റെ സാമ്പത്തിക ദർശനം.

"അത് (സമ്പത്ത്) നിങ്ങളിലെ ധനികർക്കിടയിൽ മാത്രം ചുറ്റിത്തിരിയാതിരിക്കാൻ വേണ്ടിയാണത്..." (ഖുർആൻ 59:7).

*4. അസമത്വം പരിഹരിക്കാനുള്ള പ്രായോഗിക മാർഗങ്ങൾ*

അസമത്വത്തിന്റെ ആഘാതം കുറയ്ക്കാൻ ഖുർആൻ ചില നിർബന്ധിതവും ഐച്ഛികവുമായ കാര്യങ്ങൾ നിർദേശിക്കുന്നു:

*സകാത്ത്:* ധനികന്റെ സമ്പത്തിൽ ദരിദ്രന് അവകാശപ്പെട്ട വിഹിതം. ഇത് ഒരു ദാനമല്ല, മറിച്ച് ദരിദ്രന്റെ അവകാശമാണ്.

*സ്വദഖ (ദാനം):* സ്വമേധയാ നൽകുന്ന ധർമങ്ങളെ ഇസ്‌ലാം ശക്തമായി പ്രോത്സാഹിപ്പിക്കുന്നു.

*പലിശ നിരോധനം:* ചൂഷണത്തിലധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥയെ ഖുർആൻ വിലക്കുന്നു.

*അനന്തരാവകാശ നിയമം:* ഒരാളുടെ മരണശേഷം സ്വത്ത് പലരിലായി വിഭജിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നു.

"ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്നപക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ" (ഖുർആൻ 30:39).

## പലിശയും സകാത്തും

പലിശയും സകാത്തും വലിയ അന്തരമുള്ള രണ്ട് സാമ്പത്തിക സംജ്ഞകളാണ്. പലിശയെ അല്ലാഹു ശപിക്കുകയും നിരോധിക്കുകയും ചെയ്തപ്പോൾ



**എല്ലാവരും ഒരേ സാമ്പത്തിക നിലവാരത്തിലാണെങ്കിൽ ലോകത്തെ തൊഴിൽ വിഭജനവും സേവനങ്ങളും തടസ്സപ്പെടും. ഒരാൾക്ക് മറ്റൊരാളെക്കൊണ്ട് ഒരു ജോലി ചെയ്യിപ്പിക്കണമെങ്കിൽ അവിടെ സാമ്പത്തികമായ ഏറ്റക്കുറച്ചിലുകൾ ആവശ്യമാണ്. ഇത് സമൂഹത്തെ പരസ്പരം ബന്ധിപ്പിക്കുന്നു. അസമത്വത്തിന്റെ ആഘാതം കുറയ്ക്കാൻ ഖുർആൻ ചില നിർബന്ധിതവും ഐച്ഛികവുമായ കാര്യങ്ങൾ നിർദേശിക്കുന്നു**

സകാത്തിനെ പ്രോൽസാഹിപ്പിക്കുകയും വമ്പിച്ച പ്രതിഫലത്തിന് അർഹമാക്കുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസിയെ സ്വർഗപ്രാപ്തിക്ക് അർഹനാക്കുന്ന ഉൽകൃഷ്ടമായ ഒരു ആരാധനയാണ് സകാത്ത് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

“ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്നപക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ” (ക്വുർആൻ 30:39).

ഉപരിസൂചിത ക്വുർആൻ സൂക്തത്തിലൂടെ വ്യത്യസ്തങ്ങളായ ചില കാര്യങ്ങൾ അല്ലാഹു ജനങ്ങളെ ബോധിപ്പിക്കുന്നുണ്ട്. ഒന്ന് മനുഷ്യന്റെ നിലനിൽപിന്റെ നെടുംതൂണായ ധനത്തിന്റെ യഥാർഥ ഉടമ ആരാണെന്നും ആ ധനത്തിൽ മനുഷ്യനുള്ള പങ്ക് എന്താണെന്നും ധനം വ്യത്യസ്ത രീതിയിൽ ചെലവഴിക്കാൻ കഴിയുമെങ്കിലും എല്ലാം സദാചാരപരമല്ലെന്നും ചില രീതിയിൽ ചെലവഴിച്ചാൽ അത് സമൂഹത്തിന് ദോഷകരവും മറ്റൊരു ലക്ഷ്യത്തോടെ ചെലവഴിച്ചാൽ അത് സമൂഹത്തിന് മൊത്തം ഉപകാരപ്പെടുന്നതും ആണെന്നെല്ലാം ഇത് സൂചിപ്പിക്കുന്നു.

“അവന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവയ്ക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതുമെല്ലാം”(ക്വുർആൻ 20:6).

ഭൂമിയിലുള്ള മുഴുവൻ സമ്പത്തിന്റെയും ആത്യന്തികമായ ഉടമസ്ഥൻ അല്ലാഹുവായിരിക്കെ

**പലിശ തികച്ചും ചൂഷണമാർഗമാണ്. പലിശക്കാരന് താൽക്കാലിക നേട്ടമുണ്ടാകുമെങ്കിലും ആത്യന്തികമായി അത് അവന്റെ നാശത്തിന് ഹേതുവാണ്. നരകത്തിൽ പ്രവേശിപ്പിക്കപ്പെടാൻ കാരണമാണ്. എന്നാൽ സകാത്ത് കൊടുക്കുന്നവരാണ് യഥാർഥത്തിൽ ഇരട്ടിയായി സമ്പാദിക്കുന്നവർ!**

അവൻ മനുഷ്യനെ ഏൽപിച്ച ധനം മനുഷ്യൻ എങ്ങനെയൊക്കെ ഏതൊക്കെ മാർഗത്തിൽ ചെലവഴിക്കണമെന്നും എന്തിനൊക്കെ ചെലവഴിച്ചുകൂടെന്നും ഉപയോഗിച്ചുകൂടെന്നും പറയാനും കൽപിക്കാനുമുള്ള അധികാരവും അവകാശവും അവന്നുതന്നെയാണ്. ഈ അവകാശബോധം മേലുദ്ധരിച്ച ആയത്തിൽ സ്പഷ്ടമാണ്. അല്ലാഹു തന്ന ധനം ചില രീതിയിൽ ചെലവഴിക്കരുതെന്നും ചില രീതിയിൽ ചെലവഴിച്ചേ പറ്റൂവെന്നും പറയുന്നതിൽ ഒരു യഥാർഥ സത്യവിശ്വാസിക്ക് യാതൊരു പ്രയാസമുണ്ടാകുവാൻ പാടില്ല.

പലിശ തികച്ചും ചൂഷണമാർഗമാണ്. പലിശക്കാരന് താൽക്കാലിക നേട്ടമുണ്ടാകുമെങ്കിലും ആത്യന്തികമായി അത് അവന്റെ നാശത്തിന് ഹേതുവാണ്. നരകത്തിൽ പ്രവേശിപ്പിക്കപ്പെടാൻ കാരണമാണ്. എന്നാൽ സകാത്ത് കൊടുക്കുന്നവരാണ് യഥാർഥത്തിൽ ഇരട്ടിയായി സമ്പാദിക്കുന്നവർ!


ഇസ്‌ലാം വിഭാവനം ചെയ്യുന്നത് സമ്പൂർണമായ സാമ്പത്തിക തുല്യതയല്ല, മറിച്ച് സാമ്പത്തിക നീതിയാണ് എന്നു വ്യക്തം. ദാരിദ്ര്യം മൂലം ഒരാളും കഷ്ടപ്പെടാത്ത, സമ്പന്നന്റെ ധനത്തിൽ ദരിദ്രന് അവകാശമുള്ള ഒരു വ്യവസ്ഥിതിയാണ് ഇസ്‌ലാം ലക്ഷ്യം വയ്ക്കുന്നത്.

**എന്താണ് സകാത്ത്?**

ഭാഷയിൽ ‘സകാത്തി’ന്റെ അർഥം ‘വളർച്ച,’ ‘വർധനവ്,’ ‘സംസ്‌കരണം’ എന്നൊക്കെയാണ്. മതത്തിന്റെ സാങ്കേതികഭാഷയിൽ, ഒരു നിർണിത തോത് (നിസ്വാബ്) എത്തിയ സമ്പത്തിൽ പ്രത്യേകമായ നിബന്ധനകളോടുകൂടി പ്രത്യേക വിഭാഗത്തിനുള്ള അവകാശത്തെ കുറിക്കുന്ന പ്രയോഗമാണ് ‘സകാത്ത്.’

അല്ലാഹു പറഞ്ഞു: “അവരെ (വിശ്വാസികളെ) ശുദ്ധീകരിക്കുകയും അവരെ സംസ്‌കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽനിന്ന് നീ വാങ്ങുക” (ക്വുർആൻ 9:103).

ഇസ്‌ലാമിലെ നിർബന്ധകാര്യങ്ങളിൽ ഒന്നും അതിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നുമാകുന്നു സകാത്ത്.



നമസ്കാരം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട സ്തംഭം അതത്രേ. അല്ലാഹു പറഞ്ഞു: "നമസ്കാരം മുറ പോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുവിൻ" (ക്വുർആൻ 2: 143).

"നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 24:56).

ഇബ്നു ഉമർ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ല എന്നും മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനിർത്തൽ, സകാത്തു നൽകൽ, റമദാനിൽ നോമ്പ് അനുഷ്ഠിക്കൽ, സാധിക്കുന്നവർ കഅ്ബത്തിങ്കൽ പോയി ഹജ്ജ് നിർവഹിക്കൽ (എന്നിവയാണവ)" (ബുഖാരി, മുസ്‌ലിം).

സകാത്ത് ഇസ്‌ലാം കാര്യങ്ങളിൽ മൂന്നാമത്തെതാണ് എന്ന കാര്യം കൊച്ചുനാളിൽ മദ്റസയിൽവച്ച് പഠിക്കുന്നതാണ് ഓരോ സത്യവിശ്വാസിയും. എന്നാൽ അത് പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിൽ മിക്കവരും പരാജയപ്പെടുന്നു.

**സകാത്ത് വളർച്ച നൽകുന്നു**

സകാത്ത് വ്യക്തിയെയും സമ്പത്തിനെയും ശുദ്ധീകരിക്കുന്നു. അല്ലാഹു പറയുന്നു: "അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുകയും, അവർക്കുവേണ്ടി (അനുഗ്രഹത്തിന്നായി) പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർഥന അവർക്ക് ശാന്തി നൽകുന്നതത്രെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 9:103).

**ഇസ്‌ലാം വിഭാവനം ചെയ്യുന്നത് സമ്പൂർണമായ സാമ്പത്തിക തുല്യതയല്ല, മറിച്ച് സാമ്പത്തിക നീതിയാണ് എന്നു വ്യക്തം. ദാരിദ്ര്യം മൂലം ഒരാളും കഷ്ടപ്പെടാത്ത, സമ്പന്നന്റെ ധനത്തിൽ ദരിദ്രന് അവകാശമുള്ള ഒരു വ്യവസ്ഥിതിയാണ് ഇസ്‌ലാം ലക്ഷ്യം വയ്ക്കുന്നത്. സകാത്തും ദാനധർമവുമൊക്കെ നൽകിയാൽ തന്റെ ധനത്തിൽ കുറവു വരും എന്നാണ് പലരുടെയും ഭയം. ആ ധാരണ അല്ലാഹു തിരുത്തിത്തരുന്നു:**

സകാത്തും ദാനധർമവുമൊക്കെ നൽകിയാൽ തന്റെ ധനത്തിൽ കുറവു വരും എന്നാണ് പലരുടെയും ഭയം. ആ ധാരണ അല്ലാഹു തിരുത്തിത്തരുന്നു:

"ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശയ്ക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ

**ഏതൊരു സമ്പന്നനെയും നിമിഷങ്ങൾക്കകം ദരിദ്രനാക്കി മാറ്റുവാൻ അല്ലാഹുവിന് കഴിയുമെന്ന് ഓർക്കണം. നിശ്ചിത സമ്പത്തുള്ളവൻ അതിൽനിന്ന് സകാത്തായി ഒരു നിശ്ചിത ഓഹരി നൽകണമെന്ന് അല്ലാഹുവാണ് കൽപിക്കുന്നത്. അത് നൽകുന്നവൻ തന്റെ ഔദാര്യമാണെന്ന് വിചാരിക്കുവാനും പാടില്ല. പാവങ്ങളുടെ അവകാശമാണ് അതെന്ന തിരിച്ചറിവാണ് വേണ്ടത്. ആ തിരിച്ചറിവുള്ളവൻ സമയമായാൽ എത്രയും പെട്ടെന്ന് തന്റെ നിർബന്ധ ബാധ്യത കൊടുത്തുതീർക്കുവാനും അതുവഴി തന്റെ സമ്പത്തിനെ ശുദ്ധീകരിക്കുവാനും ശ്രദ്ധ പുലർത്തുമെന്നതിൽ സംശയമില്ല.**

അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ”(ക്വുർആൻ 30: 39).

### സകാത്ത് നൽകാത്തവർക്കുള്ള മുന്നറിയിപ്പ്

“അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനം കൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു”(ക്വുർആൻ 3:180).

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറയുകയുണ്ടായി: “ആർക്കെങ്കിലും അല്ലാഹു ധനം നൽകുകയും അയാൾ അതിന്റെ സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അന്ത്യനാളിൽ ആ സ്വത്ത് ഒരു സർപ്പരൂപം പ്രാപിക്കുകയും അയാളുടെ ശരീരത്തിൽ വരിഞ്ഞു മുറുക്കുകയും കവിളുകളിൽ കൊത്തിക്കൊണ്ട് ‘ഞാനാകുന്നു നീ കൂമ്പാരമാക്കി വെച്ചിരുന്ന സമ്പാദ്യ’മെന്ന് പറയുകയും ചെയ്യും. ശേഷം നബി(സ്വ) ഈ ആയത്ത് ഓതിക്കേൾപ്പിക്കുകയും ചെയ്തു: അല്ലാഹു തന്റെ ഔദാര്യത്തിൽ നിന്നും നൽകിയിട്ടുള്ള സ്വത്തിൽ നിന്ന് ചെലവഴിക്കാതെ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഉത്തമമാകുമെന്ന് വിചാരിക്കേണ്ടതില്ല. അല്ല, അതവർക്ക് തന്നെ വിനയായി മാറും. അവർ പിശുക്ക് കാണിച്ചിരുന്ന സമ്പത്ത് അന്ത്യനാളിൽ ഒരു മാലയായി അവർക്ക് ചാർത്തപ്പെടും, ആകാശഭൂമികളുടെ അനന്തരവകാശം അല്ലാഹുവിനുള്ളതാകുന്നു, നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുകയും ചെയ്യുന്നു” (ബുഖാരി).

“സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ടത് കൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും): നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ച്വെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ച് കൊള്ളുക” (ക്വുർആൻ 9:34,35).

സകാത്ത് നൽകുന്നതിൽനിന്നു വിട്ടുനിൽക്കുന്നവർ ആയുധ ബലമുള്ളവരാണെങ്കിൽ അതു പിടിച്ചെടുക്കാൻ യുദ്ധം വരെ വേണ്ടി വന്നാൽ ആകാവുന്നതാണ് എന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

അബൂഹുറയ്റ(റ) നിവേദനം: “നബി(സ്വ) ഇഹലോകവാസം വെടിയുകയും അബൂബക്ർ(റ) ഭരണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ അറബികളിൽനിന്ന് ഒരു പാടാളുകൾ മതപരിത്യാഗികളായി മാറുകയുണ്ടായി.

(അബൂബക്ർ(റ) അവരോട് യുദ്ധം ചെയ്യാൻ സന്നദ്ധമാവുകയും ചെയ്തു). അതിനെ വിമർശിച്ചുകൊണ്ട് 'ജനങ്ങൾ തൗഹീദ് അംഗീകരിച്ചാൽ അവരോട് യുദ്ധം ചെയ്യാൻ പാടില്ലെന്ന് നബി(സ) പറഞ്ഞിരിക്കെ താങ്കൾ എങ്ങനെയാണ് അവരോട് പോരാടുക' എന്നു ഉമർ(റ) ചോദിച്ചു. അപ്പോൾ അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നമസ്കാരവും സകാത്തും വേർതിരിക്കുന്നവരോട് ഞാൻ യുദ്ധം ചെയ്യുക തന്നെ ചെയ്യും. അവർ നബി(സ)യുടെ കാലഘട്ടത്തിൽ സകാത്തായി നൽകിയിരുന്നത് ഒരു ഒട്ടകക്കുട്ടിയെയായിരുന്നെങ്കിൽ അത് നൽകുന്നതുവരെ ഞാൻ അവരോട് പോരാടും. കാരണം ശരീരത്തിന്റെ മേൽ നമസ്കാരം ബാധ്യതയായ പോലെ സമ്പത്തിൽ നിന്നു സകാത്ത് നൽകലും ബാധ്യതയാണ്.' അതോടെ എനിക്കും അബൂബക്ർ(റ)വിനെ പോലെ ആ കാര്യം ശരിയാണെന്ന് ബോധ്യമായി" (ബുഖാരി, മുസ്‌ലിം).

**സകാത്തിന്റെ ഭൗതിക നേട്ടങ്ങൾ**

*1) സമ്പത്തിന്റെ വിതരണം:*

മുമ്പ് സൂചിപ്പിച്ചതുപോലെ, സമ്പത്ത് ഒരു വിഭാഗം ആളുകളുടെ കൈകളിൽ മാത്രം കുമിഞ്ഞുകൂടുന്നത് തടയാൻ സകാത്ത് സഹായിക്കുന്നു. ഇസ്‌ലാം നിശ്ചയിച്ച പരിധി (നിസാബ്) എത്തിയ സമ്പത്തുള്ള ഓരോ മുസ്‌ലിമും അതിൽനിന്നും നിശ്ചിത വിഹിതം സകാത്ത് നൽകണം.

*2) ദാരിദ്ര്യ നിർമാർജനം:*

കൃത്യമായ രീതിയിൽ സകാത്ത് ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്താൽ, സമൂഹത്തിലെ അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ) നിറവേറ്റാൻ സാധിക്കും. ചരിത്രത്തിൽ ഉമർ ബിൻ അബ്ദുൽ അസീസി(റഹി)ന്റെ ഭരണകാലത്ത് സകാത്ത് വാങ്ങാൻ ആരുമില്ലാത്ത അവസ്ഥ ഉണ്ടായതായി കാണാം.

*3) സമ്പത്തിന്റെ ശുദ്ധീകരണം:*

'സകാത്ത്' എന്ന വാക്കിന് 'ശുദ്ധീകരണം' എന്നും അർഥമുള്ളതായി നാം മനസ്സിലാക്കി. സകാത്ത് നൽകുന്നതിലൂടെ ധനം ശുദ്ധീകരിക്കപ്പെടുന്നു. അതോടൊപ്പം അത്യാഗ്രഹത്തിൽനിന്നും പിശുക്കിൽനിന്നും മനുഷ്യമനസ്സിനെ ഇത് ശുദ്ധീകരിക്കുന്നു. സമ്പന്നന് ദരിദ്രനോടുള്ള കരുണയും ദരിദ്രന് സമ്പന്നനോടുള്ള സ്നേഹവും ഇത് വർധിപ്പിക്കുന്നു.

*4) സാമ്പത്തിക ഉത്തേജനം:*

സകാത്തിലൂടെ ധനം ദരിദ്രരുടെ കൈകളിൽ എത്തുമ്പോൾ അവർ അത് അവശ്യസാധനങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നു. ഇത് വിപണിയിൽ ആവശ്യകത വർധിപ്പിക്കുകയും കച്ചവടവും ഉൽപാദനവും മെച്ചപ്പെടാൻ കാരണമാവുകയും ചെയ്യുന്നു. അങ്ങനെ സമ്പദ്‌വ്യവസ്ഥ ചലനാത്മകമാകുന്നു.

*5) ചൂഷണരഹിതമായ വ്യവസ്ഥ:*

പലിശയിൽ അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥയിൽ പണം പണക്കാരനിലേക്ക് മാത്രം എത്തുമ്പോൾ, സകാത്തിലൂടെ പണം ദരിദ്രനിലേക്ക് എത്തുന്നു. ഇത് കടക്കെണിയിൽ പെട്ടുപോകുന്ന സാധാരണക്കാരെ സഹായിക്കുകയും ചെയ്യുന്നു (കടബാധ്യതയുള്ളവർ സകാത്തിന് അർഹരായ എട്ട് വിഭാഗങ്ങളിൽ ഒന്നാണ്).

**സകാത്ത് ഔദാര്യമല്ല**

സകാത്ത് സമ്പന്നർ നൽകുന്ന ഔദാര്യമല്ല, മറിച്ച് ദരിദ്രന്റെ അവകാശമാണ്. സമ്പത്ത് അല്ലാഹു നൽകുന്നതാണ്. അതിന്റെ പേരിൽ അഹങ്കരിക്കുവാൻ ഒരാൾക്കും അവകാശമില്ല. ഏതൊരു സമ്പന്നനെയും നിമിഷങ്ങൾക്കകം ദരിദ്രനാക്കി മാറ്റുവാൻ അല്ലാഹുവിന് കഴിയുമെന്ന് ഓർക്കണം. നിശ്ചിത സമ്പത്തുള്ളവൻ അതിൽനിന്ന് സകാത്തായി ഒരു നിശ്ചിത ഓഹരി നൽകണമെന്ന് അല്ലാഹുവാണ് കൽപിക്കുന്നത്. അത് നൽകുന്നവൻ തന്റെ ഔദാര്യമാണെന്ന് വിചാരിക്കുവാനും പാടില്ല. പാവങ്ങളുടെ അവകാശമാണ് അതെന്ന തിരിച്ചറിവാണ് വേണ്ടത്. ആ തിരിച്ചറിവുള്ളവൻ സമയമായാൽ എത്രയും പെട്ടെന്ന് തന്റെ നിർബന്ധ ബാധ്യത കൊടുത്തുതീർക്കുവാനും അതുവഴി തന്റെ സമ്പത്തിനെ ശുദ്ധീകരിക്കുവാനും ശ്രദ്ധ പുലർത്തുമെന്നതിൽ സംശയമില്ല. ■



# സകാത്തിന്റെ ഇനങ്ങളും തോതും

ഇബ്നു അബ്ദുല്ല

സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും
അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും
ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി
സന്തോഷവാർത്ത അറിയിക്കുക

**സ്വർണം, വെള്ളി**

സ്വർണത്തിനും വെള്ളിക്കും സകാത്ത് നിർബന്ധമാകുന്നു: "സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 9: 34).

ഒരു നിർബന്ധകർമം ഉപേക്ഷിച്ചാലല്ലാതെ ഇത്തരമൊരു ശിക്ഷകൊണ്ട് മുന്നറിയിപ്പു നൽകപ്പെടുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "സ്വർണത്തിന്റെയും വെള്ളിയുടെയും സകാത്ത് നൽകിവീട്ടാതെയുള്ള അവയുടെ

ഉടമകളിൽ ഒരാളുമില്ല; അന്ത്യനാളായാൽ തീയിൽ നിന്നുള്ള കട്ടകൾ അയാൾക്കായി എടുക്കപ്പെടാതെ, ശേഷം നരകത്തീയിൽ അവ ചൂടാക്കപ്പെടും. അതിൽ പിന്നെ അവന്റെ പാർശ്വങ്ങളിലും നെറ്റിയിലും മുതുകിലും അവകൊണ്ട് ചൂടുവെക്കപ്പെടുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം അത് വീണ്ടും ചൂടാക്കി അവനിലേക്ക് മടക്കപ്പെടും. അമ്പതിനായിരം വർഷങ്ങളുടെ ദൈർഘ്യമുള്ള ഒരു ദിനമായിരിക്കും ഇത്. അങ്ങിനെ അടിയാറുകൾക്കിടയിൽ വിധിതീർപ്പ് നടക്കും.”

ഇരുന്നൂറു ദിർഹമിൽ അഞ്ചു ദിർഹം സകാത്തു നൽകണമെന്നതിലും സ്വർണം ഇരുപതു മിസ്കാൽ ഉണ്ടായാൽ (അതിന്റെ വില ഇരുന്നൂറു ദിർഹമാകുന്നു) അതിലും സകാത്തു നിർബന്ധമാകുമെന്നതിലും പണ്ഡിതന്മാരുടെ ഇജ്മാഅ് (ഏകോപിച്ചുള്ള അഭിപ്രായം) ഉണ്ട്.

### സകാത്തിന്റെ തോത്

സ്വർണത്തിലും വെള്ളിയിലും സകാത്തിന്റെ തോത് പത്തിലൊന്നിന്റെ നാലിലൊന്ന് (രണ്ടര ശതമാനം) ആകുന്നു. അഥവാ, സ്വർണത്തിന്റെ ഓരോ ഇരുപതു ദീനാറിനും അര ദീനാറുവീതം. ഇരുപതിൽ അധികമുണ്ടായാൽ, അധികമുള്ളത് കുറച്ചായാലും കൂടുതലായാലും അതിന്റെ കണക്കനുസരിച്ചു സകാത്തു നൽകണം. വെള്ളിയുടെ ഓരോ ഇരുന്നൂറു ദിർഹമിനും അഞ്ചു ദിർഹമാകുന്നു സകാത്ത്. ഇരുന്നൂറിൽ അധികമുണ്ടായാൽ അതിന്റെ കണക്കനുസരിച്ചു നൽകണം. സ്വദഖഃയുടെ വിഷയത്തിൽ നബി(സ്വ) പറഞ്ഞു: “വെള്ളിയിൽ ഓരോ ഇരുന്നൂറു ദിർഹമിനും പത്തിലൊന്നിന്റെ നാലിലൊന്നാകുന്നു (അഞ്ചു ദിർഹം).” മറ്റൊരു ഹദീസിൽ: “നിന്റെ പക്കൽ സ്വർണത്തിന്റെ ഇരുപതു ദീനാർ ഉണ്ടാകുന്നതുവരെ നിനക്ക് യാതൊരു സകാത്തുമില്ല. നിനക്ക് ഇരുപതു ദീനാർ ഉണ്ടാവുകയും അതിൽ വർഷം തികയുകയും ചെയ്താൽ അപ്പോൾ അതിൽ അര മിസ്കാൽ (രണ്ടര ശതമാനം) ആകുന്നു സകാത്ത്.” തിരുനബി സ്വീകരിച്ചിരുന്നതായി ഇപ്രകാരം വന്നിട്ടുണ്ട്: “നബി (സ്വ) എല്ലാ ഇരുപതു മിസ്കാലിൽനിന്നും അര മിസ്കാൽ വസൂലാക്കുമായിരുന്നു” എന്നും സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്.




**സ്വർണത്തിലും വെള്ളിയിലും സകാത്തിന്റെ തോത് പത്തിലൊന്നിന്റെ നാലിലൊന്ന് (രണ്ടര ശതമാനം) ആകുന്നു. അഥവാ, സ്വർണത്തിന്റെ ഓരോ ഇരുപതു ദീനാറിനും അര ദീനാറു വീതം. ഇരുപതിൽ അധികമുണ്ടായാൽ, അധികമുള്ളത് കുറച്ചായാലും കൂടുതലായാലും അതിന്റെ കണക്കനുസരിച്ചു സകാത്തു നൽകണം. വെള്ളിയുടെ ഓരോ ഇരുന്നൂറു ദിർഹമിനും അഞ്ചു ദിർഹമാകുന്നു സകാത്ത്. ഇരുന്നൂറിൽ അധികമുണ്ടായാൽ അതിന്റെ കണക്കനുസരിച്ചു നൽകണം.**

### നിബന്ധനകൾ

സ്വർണത്തിനും വെള്ളിക്കും സകാത്ത് നിർബന്ധമാകുവാൻ താഴെ വരുന്ന നിബന്ധനകളുണ്ട്:

*1. നിസ്വാബ് എത്തൽ:* ഇരുപത് മിസ്കാലാണ് സ്വർണത്തിന്റെ നിസ്വാബ്. അലിയ്യിൽ(റ) നിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: “സ്വർണത്തിൽ നിന്റെ പക്കൽ ഇരുപതു ദീനാർ ഉണ്ടാകുന്നതുവരെ നിനക്കു യാതൊരു സകാത്തുമില്ല. നിനക്ക് ഇരുപതു ദീനാറുണ്ടാവുകയും അതിൽ വർഷം തി

കയുകയും ചെയ്താൽ അപ്പോൾ അതിൽ അര മിസകാൽ (രണ്ടര ശതമാനം) ആകുന്നു സകാത്ത്.'' ഇരുപതു ദീനാർ എൺപത്തിയഞ്ചു ഗ്രാമിനു തുല്യമാകുന്നു.

വെള്ളിയുടെ നിസ്വാബ് ഇരുന്നൂറു വെള്ളിനാണയങ്ങളാണ്. നബി(സ്വ) പറഞ്ഞു: "അഞ്ചു ഊകിയക്കു താഴെയുള്ള വെള്ളിക്കും സകാത്തില്ല.'' ഒരു ഊകിയ നാൽപതു ദിർഹമാകുന്നു. അപ്പോൾ അഞ്ചു ഊകിയ ഇരുനൂറു ദിർഹമിനു തുല്യമാകുന്നു. തിരുനബി(സ്വ) പറഞ്ഞു: "വെള്ളിയിൽ പത്തിലൊന്നിന്റെ നാലിലൊന്നാകുന്നു (രണ്ടര ശതമാനം) സകാത്ത്. നൂറ്റിത്തൊണ്ണൂറ് ദിർഹമു മാത്രമാണുള്ളതെങ്കിൽ അതിൽ യാതൊന്നും സകാത്തായി ഇല്ല; അതിന്റെ ഉടമ നൽകുവാനുദ്ദേശിച്ചാലല്ലാതെ.'' വെള്ളിയുടെ നിസ്വാബ് അഞ്ചു ഊകിയയാണെന്നതിലും സ്വർണത്തിന്റെ നിസ്വാബ് ഇരുപത് മിസ്കാലാണെന്നതിലും പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

*2.* സകാത്തു നിർബന്ധമാകുന്നവരുടെ വിഷയത്തിൽ മുമ്പ് പരാമർശിച്ച പൊതുവിലുള്ള മറ്റു ശർത്ത്വു കൾ: ഇസ്‌ലാം, സ്വാതന്ത്ര്യം, സമ്പൂർണ ഉടമസ്ഥത, വർഷം തികയൽ.

**സ്വർണവും വെള്ളിയും ഒന്നിനോടൊന്നു ചേർക്കൽ**

നിസ്വാബു പൂർത്തിയാക്കുവാൻ സ്വർണവും വെള്ളിയും തമ്മിൽ ഒന്നിലേക്കു ചേർക്കപ്പെടുകയില്ലയെന്നതാണ് പ്രബലമായ അഭിപ്രായം. കാരണം ഒട്ടകം, മാട്, ബാർളി, ചോളം എന്നിവ പോലെ അവ രണ്ടും വ്യത്യസ്ത വർഗങ്ങളാണ്; അവയാലുള്ള ഉദ്ദേശ്യം ഒന്നാണെങ്കിലും ശരി. ഒട്ടകത്തിലും മാടിലും തൻമിയത്തും (വളർച്ച) ബാർലിയിലും ചോളത്തിലും ഭക്ഷണവുമാണ് അത്. തിരുനബി(സ്വ) പറഞ്ഞു: "വെള്ളിയിൽ അഞ്ചു ഊകിയക്കു താഴെയുള്ളതിനും സകാത്തില്ല.''

**നിസ്വാബു പൂർത്തിയാക്കുവാൻ സ്വർണവും വെള്ളിയും തമ്മിൽ ഒന്നിലേക്കു ചേർക്കപ്പെടുകയില്ലയെന്നതാണ് പ്രബലമായ അഭിപ്രായം. കാരണം ഒട്ടകം, മാട്, ബാർളി, ചോളം എന്നിവ പോലെ അവ രണ്ടും വ്യത്യസ്ത വർഗങ്ങളാണ്; അവയാലുള്ള ഉദ്ദേശ്യം ഒന്നാണെങ്കിലും ശരി. ഒട്ടകത്തിലും മാടിലും തൻമിയത്തും (വളർച്ച) ബാർലിയിലും ചോളത്തിലും ഭക്ഷണവുമാണ് അത്.**

നിസ്വാബ് തികക്കുവാൻ സ്വർണവും വെള്ളിയും ഒന്നൊന്നിലേക്കു ചേർക്കണമെന്നത് അഞ്ചു ഊകിയക്കു താഴെയുള്ള വെള്ളിക്കും സകാത്തു നൽകൽ നിർബന്ധമാണെന്നതിനെ അനിവാര്യമാക്കും; അവന്റെയടുക്കൽ നിസ്വാബ് തികക്കുന്ന സ്വർണമുണ്ടെങ്കിൽ. ഹദീസാകട്ടെ അഞ്ചു ഊകിയ തികക്കുന്ന സ്വർണം അവന്റെ പക്കലുണ്ടെങ്കിലെന്നത് ഉൾകൊള്ളുന്നുമില്ല. അതിനാൽ ഒരാളുടെ അടുക്കൽ പത്തു ദീനാറും നൂറു ദിർഹമുമുണ്ടായാൽ അയാൾക്ക് സകാത്തില്ല. കാരണം സ്വർണത്തിനു തനിച്ചാണ് സകാത്തു നൽകപ്പെടേണ്ടത്. ഇതുപോലെ തന്നെയാണ് വെള്ളിക്കും.

**ആഭരണത്തിന്റെ സകാത്ത്**

സൂക്ഷിച്ചുവെക്കുവാനും വാടകക്കു നൽകുവാനും ഒരുക്കപ്പെട്ട ആഭരണങ്ങൾക്കും നിഷിദ്ധമായ ആഭരണങ്ങൾക്കും സകാത്തു നിർബന്ധമാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. പുരുഷൻ തനിക്കുവേണ്ടി സ്വീകരിക്കുന്ന സ്വർണമോതിരവും മൃഗങ്ങളുടെ രൂപത്തിൽ നിർമിച്ചും അല്ലെങ്കിൽ മൃഗങ്ങളുടെ രൂപംവെച്ചും സ്ത്രീ തനിക്കു സ്വീകരിക്കുന്ന ആഭരണവും നിഷിദ്ധമായ ആഭരണങ്ങൾക്ക് ഉദാഹരണമാണ്. എന്നാൽ അനുവദനീയമായ ഉപയോഗത്തിനും വായ്പക്കും ഒരുക്കപ്പെട്ട ആഭരണത്തിൽ സകാത്തു നിർബന്ധമാണെന്നതാണ് പണ്ഡിതന്മാരുടെ രണ്ട് അഭിപ്രായങ്ങ ളിൽ ശരിയായത്; താഴെ വരുന്ന കാരണങ്ങളാലാണ് അത്:

1. സ്വർണത്തിലും വെള്ളിയിലും സകാത്തു നിർബന്ധമാണെന്ന വിഷയത്തിൽ വന്ന പ്രമാണ വചന ങ്ങളുടെ പൊതുതാൽപര്യം. അതിൽ ആഭരണവും അതല്ലാത്തതും ഉൾപ്പെടും.

2. അംറ് ഇബ്നു ശുഐബ്(റ) തന്റെ പ്രപിതാവിൽനിന്നു നിവേദനം ചെയ്തതായി സുനനുകളിൽ ഇപ്രകാരമുണ്ട്: "ഒരു സ്ത്രീ തിരുദൂതരുടെ അടുക്കൽവന്നു. അവരോടൊപ്പം അവരുടെ മകളുമുണ്ടായി

രുന്നു. മകളുടെ കൈയിൽ കട്ടിയുള്ള രണ്ടു സ്വർണവളകളുണ്ടായിരുന്നു. അപ്പോൾ തിരുമേനി(സ്വ) ചോദിച്ചു: ‘നിങ്ങൾ ഇതിന്റെ സകാത്തു നൽകാറുണ്ടോ?’ അവർ പറഞ്ഞു: ‘ഇല്ല.’ തിരുമേനി(സ്വ) പറഞ്ഞു: ‘ഇവ കാരണത്താൽ തീയിനാലുള്ള രണ്ടു വളകൾ അല്ലാഹു നിങ്ങളെ ധരിപ്പിക്കുന്നത് നിങ്ങൾക്ക് ഇഷ്ടകരമാണോ?’ ഉടൻ അവർ ആ രണ്ടു വളകൾ ഊരി നബി(സ്വ)യിലേക്ക് ഇട്ടുകൊടുത്തു.” ഈ ഹദീസ് ഈ വിഷയത്തിൽ വ്യക്തമായ പ്രമാണമാണ്. ഇതിന് ഉപോൽബലകമായ വേറേയും ഹദീസുകൾ സ്വഹീഹുൽ ബുഖാരിയിലും മറ്റുമുണ്ട്.

3. ആഭരണത്തിനു സകാത്തു നിർബന്ധമാണെന്ന അഭിപ്രായമാണ് സൂക്ഷ്മതക്ക് ഉചിതവും ഉത്തരവാദിത്തം വീടുവാൻ കരണീയവുമായത്. നബി(സ്വ) പറഞ്ഞു: “നിനക്കു സംശയം ജനിപ്പിക്കുന്നത് വിട്ടു സംശയമുണ്ടാക്കാത്തത് നീ സ്വീകരിക്കുക.”

**നാണയത്തിന്റെ സകാത്ത്**

നാണയത്തിന്റെ അഥവാ രൂപയുടെ സകാത്ത് കണക്കാക്കുന്നത് വെള്ളിയെ അടിസ്ഥാനമാക്കിയാണ്. വെള്ളിയുടെ നിസ്വാബ് 595 ഗ്രാമാണെന്ന് നാം മനസ്സിലാക്കി. അത്രയും വെള്ളിയുടെ തുക ഒരാളുടെ പക്കൽ ഉണ്ടാവുകയും ഒരു ചന്ദ്രവർഷം പൂർത്തിയാവുകയും ചെയ്താൽ അതിന് സകാത്ത് നിർബന്ധമായി. ഒരു ഗ്രാം വെള്ളിക്ക് ഇന്ന് (2026 മാർച്ച് 2) 325 രൂപയാണ് വില. അതനുസരിച്ച് 595 ഗ്രാം വെള്ളിക്ക് 193375 രൂപ വരും. അതായത്, ഒരാളുടെ പക്കൽ എല്ലാ ചെലവുകളും കടവും കഴിഞ്ഞ് ഒരു വർഷം തികഞ്ഞ 193375 രൂപയോ അതിലധികമോ ഉണ്ടെങ്കിൽ അയാൾ സകാത്ത് കൊടുക്കാൻ ബാധ്യസ്ഥനാണ്. അതിന്റെ രണ്ടര ശതമാനമാണ് സകാത്ത് കൊടുക്കേണ്ടത്.




**കച്ചവടച്ചരക്കിന്റെ സകാത്ത്**

അർദ്, അറദ് എന്നീ പദങ്ങളുടെ ബഹുവചനമാണ് (ചരക്കുകൾ എന്നർഥമുള്ള) ഉറൂദ്. ഏത് വർഗത്തിൽ പെട്ടതാണെങ്കിലും ഒരു മുസ്‌ലിം കച്ചവടം ചെയ്യുവാൻ ഒരുക്കിയതാണത്. സകാത്തു നൽകേണ്ട സ്വത്തിനെക്കാൾ വിപുലവും അവയെയെല്ലാം ഉൾക്കൊള്ളുന്നതുമാണ് ഉറൂദ്. അതിനെ പ്രദർശിപ്പിക്കുകയും അതു നീങ്ങുകയും ചെയ്യുന്നതിനാൽ അതിനു സ്ഥായീഭാവമില്ലാത്തതിനാലാണ് ഈ പേരു വെക്കപ്പെട്ടത്. കാരണം കച്ചവടക്കാരൻ ഈ ചരക്കിനെ ഉദ്ദേശിക്കുന്നില്ല. പ്രത്യുത നാണയങ്ങളായി അതിന്റെ ലാഭമാണ് ഉദ്ദേശിക്കുന്നത്.

കച്ചവടച്ചരക്കിൽ സകാത്തു നിർബന്ധമാണ്. താഴെ വരുന്ന വിശുദ്ധ വചനങ്ങളുടെ പൊതു താൽപര്യ മാണ് അത് അറിയിക്കുന്നത്. അല്ലാഹു പറഞ്ഞു: “അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും” (ക്വുർആൻ 51:19).

“സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നു നിങ്ങൾ ചെലവഴിക്കുവിൻ” (ക്വുർആൻ 2:267).

നബി(സ്വ) മുആദ് ഇബ്നുജബലി(റ)നോടു പറഞ്ഞു: “...അവരുടെ സമ്പത്തുകളിൽ അല്ലാഹു അവർക്കു സകാത്ത് നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അറിയിക്കുക. സകാത്ത് അവരിലെ ധനികന്മാരിൽനിന്നു വാങ്ങി അവരിലെ സാധുക്കളിലേക്കു തിരിച്ചുവിടണം.”

കച്ചവടച്ചരക്കുകൾ സമ്പത്താ

ണെന്നതിൽ യാതൊരു സംശയവുമില്ല. കച്ചവടച്ചരക്കിൽ സകാത്തു നിർബന്ധമാകുവാനുള്ള ശർത്ത്വുകൾ (നിബന്ധനകൾ):

1. വാങ്ങുക, സമ്മാനം സ്വീകരിക്കുകപോലെ തന്റെ പ്രവൃത്തിയിലൂടെ അതിനെ ഉടമപ്പെടുത്തുക. അനന്തരസ്വത്തുപോലെ കഹ്റായി വന്നുചേരുന്നത് ഇതിൽ ഉൾപ്പെടുകയില്ല.
2. കച്ചവടം നിയ്യത്താക്കി അത് ഉടമപ്പെടുത്തുക.
3. അതിന്റെ തുകക്ക് നിസ്വാബ് എത്തുക. തുടക്കത്തിൽ സൂചിപ്പിച്ച, സകാത്തിന്റെ അഞ്ചു ശർത്ത്വുകൾ ഇതിലേക്കു ചേർക്കുന്നതോടൊപ്പമാണിത്.

കച്ചവടച്ചരക്കുകൾക്ക് വർഷം തികഞ്ഞാൽ സ്വർണം അല്ലെങ്കിൽ വെള്ളി എന്നീ നാണയങ്ങളിലൊന്നു കൊണ്ട് അവയെ വിലക്കെട്ടുകയും പ്രസ്തുത വില നിസ്വാബ് എത്തിയതാവുകയും ചെയ്താൽ അതിൽ പത്തിലൊന്നിന്റെ നാലിലൊന്ന് (രണ്ടര ശതമാനം) സകാത്ത് നിർബന്ധമായി.

ചരക്കുകൾ വാങ്ങിയപ്പോഴുള്ള വിലനിർണയം പരിഗണനീയമല്ല. കാരണം, സാധനങ്ങളുടെ വില കൂടിയും കുറഞ്ഞും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. വർഷം തികയുമ്പോഴുള്ള വില മാത്രമാണ് സകാത്ത് കൊടുക്കുവാൻ പരിഗണിക്കുക.

**ഉൽപന്നങ്ങളുടെ സകാത്ത്**

ഭൂമിയിലെ ഉൽപന്നങ്ങൾക്കു സകാത്ത് നിർബന്ധമാണെന്നതിനു വിശുദ്ധ വചനമാണ് ഇതിനു തെളിവ്. അല്ലാഹു പറഞ്ഞു: “സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും, ഭൂമിയിൽനിന്ന് നിങ്ങൾക്കു നാം ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ” (ഖുർആൻ 2:267).

പാലുറക്കുകയും മൂക്കുകയും ചെയ്താൽ ധാന്യങ്ങൾക്കു സകാത്തു നിർബന്ധമായി. ഭക്ഷ്യയോഗ്യമാം വിധം നല്ലനിലയിൽ ഫലങ്ങളായിത്തീരുന്നതിലൂടെ നിലനിൽപ്പ് വെളിപ്പെട്ടാൽ ഫലങ്ങളിലും സകാത്ത് നിർബന്ധമായി. വർഷം തികയൽ അതിൽ ശർത്വാക്കപ്പെടുകയില്ല. കാരണം, അല്ലാഹു പറഞ്ഞു:

“അതിന്റെ വിളവെടുപ്പുദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക” (ഖുർആൻ 6:141).

ഗോതമ്പ്, ബാർലി, കമ്പം, നെല്ല്, കാരക്ക, ഉണക്കമുന്തിരി പോലുള്ള ഫലങ്ങളിൽനിന്നും ധാന്യങ്ങളിൽനിന്നും മുദ്ദഖറും (സൂക്ഷിച്ചുവെക്കപ്പെടുന്നത്) മകീലും (അളക്കപ്പെടുന്നത്) ആയതിലെല്ലാം സകാത്ത് നിർബന്ധമാകുന്നു. പഴങ്ങളിലും പച്ചക്കറികളിലും സകാത്തു നിർബന്ധമാവുകയില്ല. അവ ധാന്യങ്ങളും ഫലങ്ങളും മകീലും മുദ്ദഖറുമല്ലാത്ത കാലത്തോളം അവയിൽ സകാത്തില്ല.

**കാർഷിക വിളകളിൽ സകാത്തിന്റെ നിബന്ധനകൾ**

ധാന്യങ്ങളിലും ഫലങ്ങളിലും സകാത്ത് നിർബന്ധമാകുവാൻ രണ്ടു നിബന്ധനകളുണ്ട്:

1. നിസ്വാബ് എത്തൽ. അഞ്ചു വസ്ഖാണ് അത്. നബി(സ്വ) പറഞ്ഞു: “അഞ്ചു വസ്ഖിനു താഴെയുള്ള കാർഷികോൽപന്നങ്ങൾക്കു സകാത്തില്ല.”

   ഒരു ‘വസ്ക്’ ഒരു ഒട്ടകം വഹിക്കുന്ന ഭാരമാകുന്നു. നബി(സ്വ) ഉപയോഗിച്ചിരുന്ന സ്വാഉകൊണ്ട് അറുപതു സ്വാആകുന്നു അത്. അഞ്ചു വസ്ക് മുന്നൂറു സ്വാഅ് ആകുന്നു. അപ്പോൾ ഒരു സ്വാഇന്റെ തൂക്കം രണ്ടു കിലോ നാനൂറു ഗ്രാം എന്ന പരിഗണനയിൽ മുന്തിയതരം ഗോതമ്പിന്റെ നിസ്വാബിനുള്ള തൂക്കം ഏകദേശം അറുന്നൂറ്റി പന്ത്രണ്ട് കിലോ ആണ്.
2. സകാത്ത് നിർബന്ധമാകുന്ന സമയത്ത് നിസ്വാബിനെ അയാൾ ഉടമപ്പെടുത്തിയിരിക്കണം.

**നിർബന്ധമായി നൽകേണ്ട വിഹിതം:**

നനയില്ലാതെതന്നെ വേരുകൾ വലിച്ചെടുത്തോ നദിയിലെ വെള്ളം ഉപജീവിച്ചോ ചെലവു കൂടാതെ വെള്ളം ലഭിച്ചുണ്ടായ ധാന്യങ്ങളിലും കായ്കനികളിലും പത്തിലൊന്നും ബക്കറ്റുകളോ ആധുനിക യന്ത്രങ്ങളോ മൃഗങ്ങളെയുപയോഗിച്ചു തേവിയോ മറ്റോ ചെലവോടുകൂടി വെള്ളം നനച്ചുണ്ടാക്കിയതിൽ ഇരുപതിലൊന്നുമാണ് നിർബന്ധമായ സകാത്ത്. തിരുനബി(സ്വ) പറഞ്ഞു:

“മഴവെള്ളമോ നദികളിലെയും അരുവികളിലെയും വെള്ളമോ ഉപജീവിച്ചുണ്ടായ കൃഷിയുൽപന്നങ്ങൾക്കും നനയില്ലാതെതന്നെ വേരുകൾ വലിച്ചെടുത്തുണ്ടാകുന്ന കൃഷിയുൽപന്നങ്ങൾക്കും പത്തിലൊന്നാകുന്നു(പത്തുശതമാനം) സകാത്ത്. തേവി നനച്ചുണ്ടാക്കിയ കൃഷിയുൽപന്നങ്ങൾക്ക് പത്തിലൊന്നിന്റെ പകുതിയും (അഞ്ചു ശതമാനവും)” ■

# സൂറത്തുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം
27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

فَلَمَّا جَاءَ سُلَيْمَانَ قَالَ أَتُمِدُّونَنِ بِمَالٍ فَمَا آتَانِيَ اللَّهُ خَيْرٌ مِّمَّا آتَاكُم بَلْ أَنتُم بِهَدِيَّتِكُمْ تَفْرَحُونَ ﴿٣٦﴾

36 അങ്ങനെ അവൻ (ദൂതൻ) സുലൈമാന്റെ അടുത്ത് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ സമ്പത്ത് തന്ന് എന്നെ സഹായിക്കുകയാണോ? എന്നാൽ എനിക്ക് അല്ലാഹു നൽകിയിട്ടുള്ളതാണ് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിനെക്കാൾ ഉത്തമം. പക്ഷേ, നിങ്ങൾ നിങ്ങളുടെ പാരിതോഷികം കൊണ്ട് സന്തോഷംകൊള്ളുകയാകുന്നു.

*36). അങ്ങനെ അവൾ തന്റെ ജനതയിലെ ബുദ്ധിമാന്മാരായ ദൂതന്മാരുടെ അടുക്കൽ ഒരു സമ്മാനം അദ്ദേഹത്തിന് അയച്ചു. (അങ്ങനെ അവൻ സുലൈമാന്റെ അടുത്ത് ചെന്നപ്പോൾ) അതായത് ദൂതന്മാർ അദ്ദേഹത്തിന്റെ അടുക്കൽ സമ്മാനവുമായി വന്നപ്പോൾ. (അദ്ദേഹം പറഞ്ഞു) അവരെ അപലപിച്ചും തന്റെ ആവശ്യമനുസരിച്ച് കീഴ്പ്പെടാത്തതിൽ അമർഷം പ്രകടിപ്പിച്ചും കൊണ്ട് അദ്ദേഹം പറഞ്ഞു: (നിങ്ങൾ സമ്പത്തു തന്ന് എന്നെ സഹായിക്കുകയാണോ? അല്ലാഹു എനിക്ക് നൽകിയിട്ടുള്ളതാണ് നിങ്ങൾക്ക് അവൻ നൽകിയിട്ടുള്ളതിനെക്കാൾ ഉത്തമം) നിങ്ങളുടെ സമ്മാനം എന്നിൽ യാതൊരു സ്വാധീനവും ഉണ്ടാക്കുകയില്ല. അതിൽ ഞാൻ സന്തോഷിക്കുന്നുമില്ല. കാരണം അല്ലാഹു എനിക്ക് ധാരാളം അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. (പക്ഷേ, നിങ്ങൾ നിങ്ങളുടെ പാരിതോഷികങ്ങൾ കൊണ്ട് സന്തോഷം കൊള്ളുകയാകുന്നു) ഈ ലോകത്തോടുള്ള നിങ്ങളുടെ സ്നേഹം നിമിത്തവും എനിക്ക് അല്ലാഹു നൽകിയതിന് അപേക്ഷിച്ച് നിങ്ങളുടെ അടുത്തുള്ള കുറഞ്ഞ സമ്പത്തിലും നിങ്ങൾ സന്തോഷിക്കുന്നു.*

ارْجِعْ إِلَيْهِمْ فَلَنَأْتِيَنَّهُم بِجُنُودٍ لَّا قِبَلَ لَهُم بِهَا وَلَنُخْرِجَنَّهُم مِّنْهَا أَذِلَّةً وَهُمْ صَاغِرُونَ ﴿٣٧﴾

37 നീ അവരുടെ അടുത്തേക്ക് തന്നെ മടങ്ങിച്ചെല്ലുക. തീർച്ചയായും അവർക്ക് നേരിടുവാൻ കഴിയാത്ത സൈന്യങ്ങളെയും കൊണ്ട് നാം അവരുടെ അടുത്ത് ചെല്ലുകയും നിന്ദ്യരും അപമാനിതരുമായ നിലയിൽ അവരെ നാം അവിടെനിന്ന് പുറത്താക്കുകയും ചെയ്യുന്നതാണ്.

*37). പിന്നെ പക്വമായ ചിന്തകൊണ്ടും കൃത്യമായ വാക്കുകൾകൊണ്ടും എഴുതിവെക്കാതെ ദൂതന് നിർദേശം കൊടുത്തു. കാരണം വാക്കുകൾ കൃത്യമായി ദൂതൻ കൈമാറുമെന്ന് അദ്ദേഹത്തിന് അറിയാം. അദ്ദേഹം പറഞ്ഞു: (അവരുടെ അടുത്തേക്ക് തന്നെ മടങ്ങിച്ചെല്ലുക) നിങ്ങളുടെ സമ്മാനവുമായി മടങ്ങുക. (തീർച്ചയായും അവർക്ക് നേരിടുവാൻ കഴിയാത്ത സൈന്യവും കൊണ്ട് നാം അവരുടെ അടുക്കലേക്ക് ചെല്ലും) അവർക്ക് ചെറുത്തുനിൽക്കാൻ കഴിയാത്ത ശക്തിയുമായി. (നിന്ദ്യരും അപമാനിതരുമായ നിലയിൽ അവരെ നാം അവിടെനിന്ന് പുറത്താക്കുകയും ചെയ്യുന്നതാണ്) അങ്ങനെ ദൂതൻ തിരിച്ചുപോയി സുലൈമാൻ(അ) പറഞ്ഞ കാര്യങ്ങൾ അവരെ അറിയിച്ചു. അവർ സുലൈമാൻ നബി (അ)യുടെ അടുക്കലേക്ക് പോകാനുള്ള ഒരുക്കങ്ങൾ നടത്തി.*

قَالَ يَا أَيُّهَا الْمَلَأُ أَيُّكُمْ يَأْتِينِي بِعَرْشِهَا قَبْلَ أَن يَأْتُونِي مُسْلِمِينَ ﴿٣٨﴾

അദ്ദേഹം (സുലൈമാന്‍ ) പറഞ്ഞു: 'ഹേ; പ്രമുഖന്‍മാരേ, അവര്‍ കീഴൊതുങ്ങിക്കൊണ്ട് എന്റെ അടുത്ത് വരുന്നതിന് മുമ്പായി നിങ്ങളില്‍ ആരാണ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്ന് തരിക?'

قَالَ عِفْرِيتٌ مِّنَ الْجِنِّ أَنَا آتِيكَ بِهِ قَبْلَ أَن تَقُومَ مِن مَّقَامِكَ ۖ وَإِنِّي عَلَيْهِ لَقَوِيٌّ أَمِينٌ ﴿٣٩﴾

ജിന്നുകളുടെ കൂട്ടത്തിലുള്ള ഒരു മല്ലന്‍ പറഞ്ഞു: 'അങ്ങ് അങ്ങയുടെ ഈ സദസ്സില്‍ നിന്ന് എഴുന്നേല്‍ക്കുന്നതിനുമുമ്പായി ഞാനത് അങ്ങേക്ക് കൊണ്ടുവന്നുതരാം. തീര്‍ച്ചയായും ഞാനതിന് കഴിവുള്ളവനും വിശ്വസ്തനുമാകുന്നു.'

38-40

قَالَ الَّذِي عِندَهُ عِلْمٌ مِّنَ الْكِتَابِ أَنَا آتِيكَ بِهِ قَبْلَ أَن يَرْتَدَّ إِلَيْكَ طَرْفُكَ ۚ فَلَمَّا رَآهُ مُسْتَقِرًّا عِندَهُ قَالَ هَٰذَا مِن فَضْلِ رَبِّي لِيَبْلُوَنِي أَأَشْكُرُ أَمْ أَكْفُرُ ۖ وَمَن شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهِ ۖ وَمَن كَفَرَ فَإِنَّ رَبِّي غَنِيٌّ كَرِيمٌ ﴿٤٠﴾

വേദത്തില്‍നിന്നുള്ള വിജ്ഞാനം കരഗതമാക്കിയിട്ടുള്ള ആള്‍ പറഞ്ഞു: 'താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരുന്നതിന് മുമ്പായി ഞാനത് താങ്കള്‍ക്ക് കൊണ്ടുവന്ന് തരാം. അങ്ങനെ അത് (സിംഹാസനം) ത ന്റെ അടുക്കല്‍ സ്ഥിതി ചെയ്യുന്നതായി കണ്ട പ്പോള്‍ അദ്ദേഹം പറഞ്ഞു: 'ഞാന്‍ നന്ദികാണിക്കുമോ, അതല്ല നന്ദികേട് കാണിക്കുമോ എന്ന് എന്നെ പരീക്ഷിക്കുവാനായി എന്റെ രക്ഷിതാവ് എനിക്ക് നല്‍കിയ അനുഗ്രഹത്തില്‍പെട്ടതാകുന്നു ഇത്. വല്ലവനും നന്ദി കാണിക്കുന്നപക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവന്‍ നന്ദി കാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്ന പക്ഷം തീര്‍ച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും ഉല്‍കൃഷ്ടനുമാകുന്നു.'

*38-40). അവര്‍ ഉറപ്പായും തന്റെ അടുക്കല്‍ വരുമെന്ന് സുലൈമാന് അറിയാമായിരുന്നു. അതിനാല്‍ അദ്ദേഹം തന്റെ കൂടെയുണ്ടായിരുന്ന ജിന്നുകളോടും മനുഷ്യരോടും പറഞ്ഞു: (അവര്‍ കീഴൊതുങ്ങിക്കൊണ്ട് എന്റെ അടുക്കല്‍ വരുന്നതിനു മുമ്പായി നിങ്ങളില്‍ ആരാണ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്നു തരിക?) അവര്‍ മുസ്‌ലിമാകുന്നതിനു മുമ്പ് ഞാന്‍ അത് നീക്കം ചെയ്യട്ടെ. അതിനുശേഷം അവരുടെ സമ്പത്ത് എനിക്ക് അനുവദനീയമല്ല. (ജിന്നുകളുടെ കൂട്ടത്തിലെ ഒരു മല്ലന്‍ പറഞ്ഞു:) ഇഫ്‌രീത്ത് എന്ന വാക്ക് ശക്തനും ഊര്‍ജസ്വലനുമായ ഒരാളെ സൂചിപ്പിക്കുന്നു (അങ്ങ് അങ്ങയുടെ സദസ്സില്‍നിന്ന് എഴുന്നേല്‍ക്കുന്നതിന് മുമ്പായി ഞാനത് അങ്ങേക്ക് കൊണ്ടുവന്നു തരാം. തീര്‍ച്ചയായും ഞാന്‍ അതിന് കഴിവുള്ളവനും വിശ്വസ്തനും ആകുന്നു) ആ സമയത്ത് സുലൈമാന്‍(അ) സിറിയയില്‍ ആയിരുന്നു. അദ്ദേഹവും സബഉം തമ്മില്‍ നാലു മാസത്തെ യാത്രാദൂരം ഉണ്ടായിരുന്നു. പോകാന്‍ രണ്ടു മാസവും തിരിച്ചുവരാന്‍ രണ്ടു മാസവും. അതിന്റെ വലുപ്പവും ഭാരവും വളരെ അധികമുണ്ടായിട്ടും ധാരാളം ദൂരം സഞ്ചരിക്കാന്‍ ഉണ്ടായിട്ടും ശക്തനായ ഈ ജിന്ന് പറഞ്ഞു: 'താങ്കളുടെ ഇരിപ്പിടത്തില്‍നിന്ന് എഴുന്നേല്‍ക്കുന്നതിന് മുമ്പ് അത് കൊണ്ടുവരാന്‍ ഞാന്‍ സന്നദ്ധനാണ്.' അതായത്, അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന കൂടിയാലോചനായോഗം പിരിയുന്നതിനു മുമ്പ്. സാധാരണ*

*ഇത്തരം യോഗങ്ങൾ ഒരു ദിവസത്തിന്റെ മൂന്നിലൊന്ന് സമയമെടുക്കും. അതായത് രാവിലത്തെ സമയം മുഴുവനായി. പതിവ് അതാണ്. ചിലപ്പോഴത് നീണ്ടുപോകും. മഹാനായ ഈ രാജാവിന്റെ അടുക്കൽ ഇത്തരത്തിൽ കഴിവും ശക്തിയും ഉള്ള ഒരാൾ ഉണ്ടായിരുന്നു*

*എന്നാൽ അവനെക്കാൾ കഴിവുള്ള മറ്റൊരാൾ (വേദത്തിൽ നിന്നുള്ള വിജ്ഞാനം കരസ്ഥമാക്കിയിട്ടുള്ള ആൾ പറഞ്ഞു): വ്യാഖ്യാതാക്കൾ പറഞ്ഞത് അദ്ദേഹം സുലൈമാൻ നബിയോടൊപ്പം ഉണ്ടായിരുന്ന നീതിമാനും അറിവുള്ളവനും ആയിരുന്നു. അദ്ദേഹത്തിന്റെ പേര് ആസിഫ് ഇബ്നു ബർഖിയ എന്നായിരുന്നു. അല്ലാഹുവിന്റെ ഏറ്റവും മഹത്തായ നാമങ്ങൾ അദ്ദേഹത്തിന് അറിയാമായിരുന്നു. ആ നാമങ്ങളാൽ അദ്ദേഹം അല്ലാഹുവിനെ വിളിച്ചാൽ ഉത്തരം ലഭിക്കുമായിരുന്നു. ചോദിക്കപ്പെട്ടാൽ നൽകപ്പെടുമായിരുന്നു. (താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചു വരുന്നതിന് മുമ്പായി ഞാനത് അങ്ങേക്ക് കൊണ്ടുവന്നു തരാം) ആ നാമങ്ങളാൽ അദ്ദേഹം അല്ലാഹുവിനെ വിളിച്ചു. അതു കൊണ്ടുവന്നു. (അല്ലാഹു അഅ്ലം) ഇതാണോ വേദവിജ്ഞാനത്തിൽ നിന്ന് അദ്ദേഹത്തിന് അറിയാമെന്നതുകൊണ്ട് ഉദ്ദേശ്യം? അതായത് ആ വേദവിജ്ഞാനം കൊണ്ട് ദൂരെയുള്ളത് കൊണ്ടുവരാനും കഠിന കാര്യങ്ങൾ സാധിക്കാനും കഴിയും എന്നതായിരിക്കാം.*

*(അങ്ങനെ അത്-സിംഹാസനം-തന്റെ അടുക്കൽ സ്ഥിതിചെയ്യുന്നതായി കണ്ടപ്പോൾ) ആ സിംഹാസനം തന്റെ അടുക്കൽ സ്ഥിതിചെയ്യുന്നതായി സുലൈമാൻ നബി കണ്ടു). ഈ അധികാരം തനിക്ക് നൽകിയതിനും കാര്യങ്ങൾ എളുപ്പമാക്കിയതിനും അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചു. (ഞാൻ നന്ദി കാണിക്കുമോ അതല്ല നന്ദികേട് കാണിക്കുമോ എന്ന് എന്നെ പരീക്ഷിക്കാനായി എന്റെ രക്ഷിതാവ് എനിക്ക് നൽകിയ അനുഗ്രഹങ്ങളിൽ പെട്ടതാകുന്നു ഇത്) അതായത്, ഇത് എനിക്ക് ഒരു പരീക്ഷണമാണ്. അജ്ഞരായ രാജാക്കന്മാർക്ക് സാധാരണ സംഭവിക്കുന്നതു പോലെ തന്റെ ആധിപത്യം, അധികാരം എന്നിവയാൽ അദ്ദേഹം വഞ്ചിക്കപ്പെട്ടില്ല. മറിച്ച് ഇത് തന്റെ രക്ഷിതാവിൽ നിന്നുള്ള പരീക്ഷണമാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഈ അനുഗ്രഹത്തിന് നന്ദി ചെയ്യാതിരിക്കുന്നതിന് അദ്ദേഹം ഭയപ്പെട്ടു. ഈ നന്ദികൊണ്ട് അല്ലാഹുവിന് പ്രയോജനം ഒന്നും തന്നെയില്ല. പകരം നന്ദി കാണിക്കുന്നവന് തന്നെയാണ് അതിന്റെ പ്രയോജനം. അതാണ് അദ്ദേഹം പറഞ്ഞത്: (വല്ലവനും നന്ദി കാണിക്കുന്ന പക്ഷം. തന്റെ ഗുണത്തിനായി തന്നെയാകുന്നു അവൻ നന്ദി കാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്ന പക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും ഉൽകൃഷ്ടനുമാകുന്നു) തീർച്ചയായും അല്ലാഹു സ്വയം പര്യാപ്തനാണ്. അത്യധികം ഉദാരനാണ്. ഒരാളുടെ പ്രവർത്തനവും അവന് ആവശ്യമില്ല. അവൻ നന്ദിയുള്ളവർക്കും നന്ദികെട്ടവർക്കും അനുഗ്രഹം നൽകുന്നു. എന്നാൽ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുന്നവർക്ക് കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നു. നന്ദികേടാവട്ടെ അനുഗ്രഹങ്ങൾ കുറയാൻ കാരണമാകുന്നു.*

قَالَ نَكِّرُوا لَهَا عَرْشَهَا نَنظُرْ أَتَهْتَدِىٓ أَمْ تَكُونُ مِنَ الَّذِينَ لَا يَهْتَدُونَ ﴿٤١﴾

**41** അദ്ദേഹം (സുലൈമാൻ) പറഞ്ഞു: 'നിങ്ങൾ അവളുടെ സിംഹാസനം അവൾക്ക് തിരിച്ചറിയാത്ത വിധത്തിൽ മാറ്റുക. അവൾ യാ ഥാർഥ്യം മനസ്സിലാക്കുമോ, അതല്ല അവൾ യാഥാർഥ്യം കണ്ടെത്താത്തവരുടെ കൂട്ടത്തിലായിരിക്കുമോ എന്ന് നമുക്ക് നോക്കാം.'

*41). പിന്നീട് തന്റെ അടുക്കലുള്ളവരോട് അദ്ദേഹം പറഞ്ഞു: (നിങ്ങൾ അവളുടെ സിംഹാസനം അവൾക്ക് തിരിച്ചറിയാത്ത വിധത്തിൽ മാറ്റുക) അതിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തുകൊണ്ട്. നാം അതിൽ (നോക്കും) അതിൽ അവളുടെ മിടുക്ക് പരീക്ഷിക്കാം. (അവൾ യാഥാർഥ്യം മനസ്സിലാക്കുമോ) അവളുടെ രാജാധിപത്യത്തിന് യോജിക്കുന്ന ബുദ്ധിയും കഴിവും ഉണ്ടോ എന്ന് നോക്കാം. (അതല്ല യാഥാർഘ്യം കണ്ടെത്താത്തവരുടെ കൂട്ടത്തിൽ ആയിരിക്കുമോ എന്നും നമുക്ക് നോക്കാം)*



# അമിതവണ്ണം അപകടമാണ്

ഡോ. ജസ്റത്ത്

ഓരോ വർഷവും മാർച്ച് 4ന് ലോകം അമിതവണ്ണദിനം (World Obesity Day) ആചരിക്കുന്നു. അമിതവണ്ണം ഇന്ന് വ്യക്തിഗത പ്രശ്നം മാത്രമല്ല, അത് ഒരു വലിയ പൊതുജനാരോഗ്യ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ജീവിതശൈലി മാറ്റങ്ങൾ, ഫാസ്റ്റ് ഫുഡ് സംസ്കാരം, കുറഞ്ഞ ശാരീരിക പ്രവർത്തനം എന്നിവയൊക്കെ ചേർന്നാണ് അമിതവണ്ണം വ്യാപകമാകുന്നത്.

ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 1975 മുതൽ 2022 ആയപ്പോഴേക്കും ലോകത്ത് അമിതവണ്ണമുള്ളവരുടെ എണ്ണം മൂന്നിരട്ടിയിലധികം വർധിച്ചു. അതിൽത്തന്നെ കുട്ടികളിലും കൗമാര ക്കാരിലും ഇത് പത്തിരട്ടിയോളമായി. രാജ്യങ്ങളനുസരിച്ച് ഭക്ഷണരീതി, ജീവിതശൈലി, സാമ്പത്തികനില, നഗരവൽക്കരണം എന്നിവയെ ആശ്രയിച്ച് അമിതവണ്ണ നിരക്കിൽ വ്യത്യാസങ്ങൾ കാണപ്പെടുന്നു.

ലോകത്തിൽ ഏറ്റവും ഉയർന്ന അമിതവണ്ണ നിരക്ക് കാണുന്നത് അമേരിക്ക, മെക്സിക്കോ, സൗദി അറേബ്യ എന്നീ രാജ്യങ്ങളിലാണ്. അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ഉയർന്ന നിരക്കുകൾ കാണു

മ്പോൾ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ വേഗത്തിലുള്ള വർധനവാണ് ശ്രദ്ധേയം. കേരളം വിദ്യാഭ്യാസവും ആരോഗ്യ സൂചികകളും കൊണ്ട് ശ്രദ്ധേയമായ സംസ്ഥാനമായിരിക്കുമ്പോഴും, അമിതവണ്ണം ഇന്ന് വേഗത്തിൽ ഉയരുന്ന ജീവിതശൈലി രോഗമായി മാറിയിരിക്കുകയാണ്. ഇതിൽത്തന്നെ സ്കൂൾ പ്രായത്തിലുള്ള കുട്ടികളുടെ അമിതവണ്ണവും തുടർ പ്രശ്നങ്ങളും ഭീതിപ്പെടുത്തുന്ന സൂചികയാണ്. ആധുനിക സൗകര്യങ്ങളും ആരോഗ്യകരമായ ജീവിതവും തമ്മിലുള്ള സമതുലിതാവസ്ഥയാണ് കേരളത്തിൽ അമിതവണ്ണം നിയന്ത്രിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ടത്.

**എന്താണ് അമിതവണ്ണം?**

ശരീരത്തിൽ ആവശ്യത്തിലധികം കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയാണ് അമിതവണ്ണം. ശരീരത്തിലേക്കെത്തുന്ന കലോറിയെക്കാൾ വളരെ കുറഞ്ഞ കലോറി ഊർജം ഉപയോഗിക്കുന്ന സാഹചര്യമാണിതിനു കാരണം. സാധാരണയായി Body Mass Index (BMI) ഉപയോഗിച്ചാണ് അമിതവണ്ണം നിർണയിക്കുന്നത്.

### BMI ചാർട്ട്

BMI ശരീരഭാരം ഉയരത്തിനോട് താരതമ്യം ചെയ്ത് അമിതവണ്ണം കണ്ടെത്താൻ ഉപയോഗിക്കുന്ന ഒരു സൂചികയാണ്. ലോകാരോഗ്യ സംഘടന നിർദേശിക്കുന്ന BMI വിഭാഗങ്ങൾ താഴെ കൊടുക്കുന്നു.

| BMI **നിലവാരം** | **വിഭാഗം** |
|---|---|
| 18.5ന് താഴെ | Underweight (കുറഞ്ഞ ഭാരം) |
| 18.5 - 24.9 | Normal Weight (സാധാരണ ഭാരം) |
| 25 - 29.9 | Over Weight (അധിക ഭാരം) |
| 30 - 34.9 | Obesity Class I |
| 35 - 39.9 | Obesity Class II |
| 40 മുകളിൽ | Severe / Class III Obesity |

*BMI കണ്ടെത്തുന്ന സൂത്രവാക്യം:*

BMI = ഭാരം (kg) ÷ ഉയരം ($m^2$)

ഉദാഹരണം: ഭാരം = 60 kg.

ഉയരം = 1.6 m

BMI = 60 ÷ (1.6 x 1.6) = 23.4

**അമിതവണ്ണ ചികിത്സ ഒരു സമഗ്രമായ സമീപനമാണ്. ശരിയായ ഭക്ഷണക്രമം, സ്ഥിരമായ വ്യായാമം, മതിയായ ഉറക്കം, മാനസിക നിയന്ത്രണം എന്നിവ ചേർന്നാണ് ഫലപ്രദമായ മാറ്റം സാധ്യമാകുന്നത്. 'മരുന്ന് കഴിക്കാം' എന്ന ചിന്തയിൽനിന്ന് 'ജീവിതശൈലി മാറ്റാൻ ഞാൻ തയ്യാറാണ്' എന്ന ഉത്തരവാദിത്ത ബോധത്തിലേക്കാണ് മാറേണ്ടത്.**

**അമിതവണ്ണത്തിന്റെ കാരണങ്ങൾ**

അമിതവണ്ണം ഒരൊറ്റ കാരണത്താൽ ഉണ്ടാകുന്ന പ്രശ്നമല്ല. ജീവിതശൈലി, ഭക്ഷണരീതി, ജനറ്റിക് ഘടകങ്ങൾ, മാനസിക ഘടകങ്ങൾ എന്നിവ ചേർന്നാണ് ഇത് രൂപപ്പെടുന്നത്.

*1) ഭക്ഷണരീതിയുമായി ബന്ധപ്പെട്ട കാരണങ്ങൾ:*

ജങ്ക് ഫുഡ്, ഫാസ്റ്റ് ഫുഡ് കൂടുതലായി കഴിക്കുന്നത്, എണ്ണയും പഞ്ചസാരയും കൂടുതലുള്ള ഭക്ഷണം, sugary drinks ഉപയോഗം, പ്രധാന ഭക്ഷണങ്ങൾക്കിടയിൽ ഇടയ്ക്കിടെ ലഘുഭക്ഷണം കഴിക്കൽ, processed food ഉപയോഗം.

*2) ജീവിതശൈലി കാരണങ്ങൾ:* ശാരീരിക പ്രവർത്തനം കുറഞ്ഞ, അല്ലെങ്കിൽ തീരെയില്ലാത്ത ജീവിതരീതി, ചെറിയ ദൂരങ്ങൾക്കും വാഹനങ്ങളെ ആശ്രയിക്കുന്നത്, outdoor activities കുറവ്.

*3) ഡിജിറ്റൽ / സ്ക്രീൻ ടൈം കൂടുന്നത്, ഉറക്കം തകരാറിലാകുന്നത്.*

*4) ജനറ്റിക് ഘടകങ്ങൾ:* കുടുംബത്തിൽ അമിതവണ്ണ പാരമ്പര്യം,

*5) മാനസിക ഘടകങ്ങൾ.*

*6) മെഡിക്കൽ കാരണങ്ങൾ:* തൈറോയ്ഡ് പോലുള്ള ഹോർമോൺ പ്രശ്നങ്ങൾ.

**അമിതവണ്ണം മൂലമുണ്ടാകുന്ന അസുഖങ്ങൾ**

അമിതവണ്ണം ഒരു രൂപഭംഗി പ്രശ്നമല്ല; അത് നിരവധി ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന ഒരു ജീവിതശൈലി രോഗമാണ്. അമിതവണ്ണം പല അസാംക്രമിക രോഗങ്ങളുടെ Non Communicable Diseases (NCDs) പ്രധാന കാരണമാണ്.

1) ഹൃദയത്തെയും രക്തസമ്മർദത്തെയും ബാധിച്ച് ഹൈപ്പർടെൻഷൻ, ഹൃദ്രോഗങ്ങൾ, ഹൃദയാഘാത സാധ്യത, സ്ട്രോക്ക്, എന്നിവയ്ക്ക് കാരണമാകുന്നു.

2) പ്രമേഹം: അമിതവണ്ണം കാരണം ഇൻസുലിൻ പ്രതിരോധം വർധിക്കുന്നു. അതിലൂടെ Type 2 Diabetes സാധ്യത വളരെ കൂടുതലാകും. ഇത് കണ്ണ്, വൃക്ക, നാഡി എന്നിവയെ ബാധിക്കാം.

3) ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ: Sleep apnea (ഉറക്കത്തിൽ ശ്വാസം മുട്ടൽ), ശ്വാസതടസ്സം, ആസ്തമയുടെ ഗുരുതരാവസ്ഥ വർധിക്കൽ.

4) സന്ധി / അസ്ഥി പ്രശ്നങ്ങൾ: മുട്ടുവേദന, Osteoarthritis (എല്ലുകളുടെ സന്ധികളെ ബാധിക്കുന്ന ഒരു ആരോഗ്യ പ്രശ്നം), പുറംവേദന. അമിതഭാരം സന്ധികൾക്ക് അധിക സമ്മർദം നൽകുന്നു.

5) മാനസികാരോഗ്യ പ്രശ്നങ്ങൾ: ആത്മവിശ്വാസക്കുറവ്, Anxiety, Depression, സാമൂഹിക സമ്മർദം.

6) ഹോർമോൺ പ്രശ്നങ്ങൾ: PCOS (സ്ത്രീകളിലെ ഹോർമോൺ വ്യതിയാനം), വന്ധ്യത പ്രശ്നങ്ങൾ, ആർത്തവ ക്രമക്കേടുകൾ.

7) മറ്റു ഗുരുതര രോഗങ്ങൾ: Fatty liver, ചില ക്യാൻസറുകളുടെ സാധ്യത വർധിക്കൽ, വൃക്ക രോഗങ്ങൾ മുതലായവ.

**അമിതവണ്ണം എങ്ങനെ തടയാം?**

അമിതവണ്ണം ചികിത്സിക്കേണ്ട രോഗമാകുന്നതിന് മുമ്പുതന്നെ തടയുന്നത് ഏറ്റവും നല്ലതാണ്. ആരോഗ്യകരമായ, മിതമായ ഭക്ഷണം, മതിയായ വ്യായാമം, നല്ല ജീവിതശൈലി എന്നിവയാണ് പ്രധാന പ്രതിരോധ മാർഗങ്ങൾ. ഭക്ഷണത്തിൽ പച്ചക്കറികളും പഴങ്ങളും കൂടുതലായി ഉൾപ്പെടുത്തുക.

Whole grains (മുഴുവൻ ധാന്യങ്ങൾ): റാഗി, ഓട്സ്, ചോളം, തവിടുള്ള അരി, ഗോതമ്പ് മുതലായവ ഉപയോഗിക്കുക. എണ്ണയും പഞ്ചസാരയും കുറയ്ക്കുക, ജങ്ക് ഫുഡ്, processed food കുറയ്ക്കുക,. sugary drinks ഒഴിവാക്കുക, ശരിയായ അളവിൽ ഭക്ഷണം കഴിക്കുക എന്നിവ പ്രയോഗികമാക്കാം. രാത്രി അസമയത്തുള്ള ഭക്ഷരീതി പാടെ ഒഴിവാക്കണം.

ദിവസവും കുറഞ്ഞത് 30-60 മിനിട്ട് വ്യായാമം: നടക്കൽ, സൈക്കിളിംഗ്, കളികൾ ശീലമാക്കാം. ലിഫ്റ്റിനു പകരം പടികൾ ഉപയോഗിക്കുക, കുട്ടികൾക്ക്, പുറത്തുള്ള കളികൾ നിർബന്ധമാക്കുക.

സ്ക്രീൻ സമയം നിയന്ത്രിക്കുക: മൊബൈൽ, ഗെയിമിംഗ് സമയം കുറയ്ക്കുക, ഫാമിലി ആക്ടിവിറ്റീസ് വർധിപ്പിക്കുക. ദിവസവും മതിയായ ഉറക്കം ഉറപ്പുവരുത്തുക. മാനസികാരോഗ്യം ഉറപ്പാക്കുക. കുടുംബതലത്തിലും സാമൂഹ്യതലത്തിലും വീട്ടുഭക്ഷണം പ്രോത്സാഹിപ്പിക്കുക, family exercise culture രൂപപ്പെടുത്തുക എന്നിവയും പ്രോത്സാഹിക്കപ്പെടേണ്ടതാണ്.

**ഇസ്‌ലാമിക കാഴ്ചപ്പാട്**

ഇസ്‌ലാം ആരോഗ്യത്തെ വലിയൊരു അമാനത്തായി, അനുഗ്രഹമായി കാണുന്നു. അതിനാൽ ആരോഗ്യം സംരക്ഷിക്കുക ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തമാണ്. ഇസ്‌ലാം ഭക്ഷണത്തിലും ജീവിതശൈലിയിലും മിതത്വത്തെ പ്രോത്സാഹിപ്പിക്കുന്നു. 'കഴിക്കൂ, കുടിക്കൂ; പക്ഷേ, അതിരു കടക്കരുത്' എന്ന ഖുർആനിക സന്ദേശം അമിതഭക്ഷണം ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

മുഹമ്മദ് നബി(സ്വ) ഭക്ഷണത്തിൽ നിയന്ത്രണം പാലിക്കണമെന്ന് പഠിപ്പിച്ചു. വയറിനെ മൂന്നു ഭാഗമാക്കുക; ഒരു ഭാഗം ഭക്ഷണം, ഒരു ഭാഗം വെള്ളം, മറ്റൊരു ഭാഗം ഒഴിച്ചിടുക എന്ന ഹദീസ് ആരോഗ്യകരമായ ഭക്ഷണരീതിയുടെ മികച്ച മാതൃകയാണ്.

അമിതവണ്ണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ എടുത്ത് പറയേണ്ട ഒരു കാര്യം രോഗികളുടെ സ്ഥിരം ചോദ്യമാണ്: 'ഡോക്ടറേ, മരുന്ന് വല്ലതും ഉണ്ടോ?' ഈ ചോദ്യംതന്നെ അവരുടെ മനോഭാവം വ്യക്തമാക്കുന്നു. ജീവിതശൈലിയിൽ മാറ്റം വരുത്താതെ, ഭക്ഷണക്രമം നിയന്ത്രിക്കാതെ, വ്യായാമം ചെയ്യാതെ, ഒരു ഗുളികയിലൂടെ പ്രശ്നം പരിഹരിക്കാമെന്ന പ്രതീക്ഷയാണ് പലർക്കും. പക്ഷേ, അമിതവണ്ണം ഒരുദിവസംകൊണ്ട് വന്നതല്ല; അതുപോലെ ഒരുദിവസംകൊണ്ട് മാറുന്നതുമല്ല. യഥാർഥത്തിൽ, അമിതവണ്ണ ചികിത്സ ഒരു സമഗ്രമായ സമീപനമാണ്. ശരിയായ ഭക്ഷണക്രമം, സ്ഥിരമായ വ്യായാമം, മതിയായ ഉറക്കം, മാനസിക നിയന്ത്രണം എന്നിവ ചേർന്നാണ് ഫലപ്രദമായ മാറ്റം സാധ്യമാകുന്നത്. ചില സാഹചര്യങ്ങളിൽ ഡോക്ടർ മരുന്നുകൾ നിർദേശിക്കാം; പക്ഷേ അവ സഹായകങ്ങൾ മാത്രമാണ്, മുഖ്യപരിഹാരം അല്ല. 'മരുന്ന് കഴിക്കാം' എന്ന ചിന്തയിൽനിന്ന് 'ജീവിതശൈലി മാറ്റാൻ ഞാൻ തയ്യാറാണ്' എന്ന ഉത്തരവാദിത്തബോധത്തിലേക്കാണ് മാറേണ്ടത്. ■




# സകാത്തിന്റെ അവകാശികൾ

## അബ്ദുൽ ജബ്ബാർ അബ്ദുല്ല

സകാത്തിന്റെ അഹ്‌ലുകാർ സകാത്ത് അർഹിക്കുന്നവരാണ്. അല്ലാഹു വിശുദ്ധവചനത്തിൽ എണ്ണിത്തിട്ടപ്പെടുത്തിയ എട്ടു കൂട്ടരാണവർ. അല്ലാഹു പറഞ്ഞു:

"ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ(മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ടു വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്'' (ക്വുർആൻ 9: 60).

ഈ വിഭാഗങ്ങളെ കുറിച്ചുള്ള വിവരണം ഇപ്രകാരമാണ്:

*1. ഫുക്വറാഅ്:* 'ഫക്വീർ' എന്നതിന്റെ ബഹുവചനമാണിത്. തന്റെ ആവശ്യവും തന്നെ ആശ്രയിക്കുന്നവരുടെ ആവശ്യവും നികത്തുവാനുള്ള ഭക്ഷണം, പാനീയം, വസ്ത്രം, പാർപ്പിടം എന്നിവ കയ്യിലില്ലാത്തവനാണ് ഫക്വീർ. ഒന്നുകിൽ അവയൊന്നും അയാൾ കണ്ടെത്തുന്നില്ല. അല്ലെങ്കിൽ ആവശ്യമായതിന്റെ പകുതിയിൽ കുറഞ്ഞത് കണ്ടെത്തുന്നവനാണ്. ഫക്വീറിന് പൂർണമായ ഒരു വർഷത്തിനു മതിയായത് സകാത്തിൽനിന്ന് നൽകപ്പെടും.

*2. മസാകീൻ:* 'മിസ്‌കീൻ' എന്നതിന്റെ ബഹുവചനമാണിത്. തനിക്കു മതിയായതിന്റെ പകുതിയോ അല്ലെങ്കിൽ പകുതിയിൽ കൂടുതലോ ഉള്ളവനാണ് മിസ്‌കീൻ. നൂറു രൂപ കയ്യിലുണ്ടാവുകയും ഇരുന്നൂറ് രൂപക്ക് ആവശ്യക്കാരനാവുകയും ചെയ്തവനെപോലെ. മിസ്‌കീനിനും ഒരു വർഷത്തിനു മതിയായത് സകാത്തിൽനിന്നു നൽകപ്പെടും.

*3. ആമിലൂൻ(ജോലിക്കാർ):* 'ആമിൽ' എന്നതിന്റെ ബഹുവചനമാണ് 'ആമിലൂൻ.' സകാത്ത് വസൂലാക്കുവാനായി ഭരണാധികാരി നിയോഗിക്കുന്ന വ്യക്തിയാണ് ആമിൽ. അയാളുടെ പോക്കുവരവിന്റെ കാലമത്രയും അയാൾക്കു മതിയായത് സകാത്തിൽനിന്ന് ഭരാണിധികാരി നൽകണം; അയാൾ ധനികനാണെങ്കിലും ശരി. കാരണം അയാൾ ഈ ജോലിക്കുവേണ്ടി ഒഴിഞ്ഞിരിക്കുകയാണ്. സകാത്ത് പിരിക്കുവാനും അതിന്റെ എഴുത്തുകുത്ത് നടത്തുവാനും അതിനു കാവൽ നിൽക്കുവാനും അതിന്റെ അർഹർക്ക് അതു വീതിക്കുവാനും പണിയെടുക്കുന്നവരെല്ലാം 'ആമിലൂൻ' എന്നതിൽ ഉൾപ്പെട്ടു.

*4. മുഅല്ലഫതുൽക്വുലൂബ്:* സകാത്തിൽനിന്ന് നൽകപ്പെടുന്ന ഒരു വിഭാഗമാകുന്നു ഇവർ. അവി

ശ്വാസികളാണെങ്കിൽ ഇസ്‌ലാമിലേക്ക് അവരുടെ ഹൃദയങ്ങൾ ഇണക്കപ്പെടുവാനും തങ്ങളുടെ ആരാധനകളിൽ അലംഭാവമുള്ള ദുർബല വിശ്വാസികളാണെങ്കിൽ അവരുടെ വിശ്വാസമുറപ്പിക്കുവാനുമാണ് അവർക്ക് സകാത്തു നൽകുന്നത്. നൽകപ്പെടുന്നവരുടെ ഉറ്റവർക്ക് ഇസ്‌ലാമിലേക്കു താൽപര്യം ജനിക്കുവാനോ അല്ലെങ്കിൽ അവരുടെ സഹായമോ ഉപദ്രവം നിറുത്തലോ പ്രതീക്ഷിച്ചുമാണ് അവർക്കു സകാത്ത് നൽകുന്നത്.

*5. രികാബ്:* ‘റകബതി’ന്റെ ബഹുവചനമാണിത്. മുസ്‌ലിമായ അടിമയോ അടിമസ്ത്രീയോ ആണ് ഉദ്ദേശ്യം. സകാത്തു മുതലുകൊണ്ട് അടിമ വിലക്കു വാങ്ങിക്കപ്പെടുകയും മോചിപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. മോചനപത്രം എഴുതപ്പെട്ട അടിമയാണെങ്കിൽ എഴുത്തനുസരിച്ചുള്ള ഘഡുക്കൾ അടച്ചുവീട്ടുവാൻ സകാത്തിൽനിന്നു നൽകപ്പെടണം. അതിലൂടെ അടിമ ഇടപാടുകളിൽ സ്വാതന്ത്ര്യമുള്ളവനും സമൂഹത്തിൽ ഉപകരിക്കുന്ന അംഗവും ആയിത്തീരുന്നതിനുവേണ്ടിയും പരിപൂർണമായ നിലക്ക് അല്ലാഹുവിനു ഇബാദത്തെടുക്കുവാൻ അയാൾക്കു സാധിക്കുന്നതിനു വേണ്ടിയുമാണ്. ഇപ്രകാരമാണ് മുസ്‌ലിമായ ബന്ധി. സകാത്തു മുതൽകൊണ്ട് അയാൾ ശത്രുക്കളിൽനിന്ന് മോചിപ്പിക്കപ്പെടണം.

*6. ഗാരിമൂൻ:* (കടബാധ്യതയുള്ളവർ) ‘ഗാരിം’ എന്നതിന്റെ ബഹുവചനമാണ് ‘ഗാരിമൂൻ.’ അല്ലാഹുവിനോട് തെറ്റാകാത്ത വിഷയത്തിൽ കടഭാരം ഏൽക്കേണ്ടി വന്നവനാണത്. അനുവദനീയമായ വിഷയത്തിൽ സ്വന്തത്തിനുവേണ്ടി കടംകൊണ്ടാലും പിണക്കമുള്ളവർക്കിടയിൽ രഞ്ജിപ്പ് (സ്വുൽഹ്) ഉണ്ടാക്കുവാൻ മറ്റുള്ളവർക്കു വേണ്ടി കടംകൊണ്ടാലും തുല്യമാണ്. തന്റെ കടം വീട്ടുവാനാവശ്യമായത് സകാത്തിൽനിന്ന് അയാൾക്കു നൽകപ്പെടണം. ജനങ്ങൾക്കിടയിൽ സ്വുൽഹുണ്ടാക്കുന്നതിനുവേണ്ടി കടം കൊണ്ടവനും സകാത്തിൽ നിന്നു നൽകപ്പെടണം; അയാൾ ധനികനായാലും ശരി.

**സകാത്തു വീതിക്കുമ്പോൾ പരാമർശിക്കപ്പെട്ട എട്ടു വിഭാഗങ്ങളെയും ഉൾപ്പെടുത്തൽ നിബന്ധനയല്ല എന്നതാണ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ ശരിയായത്. പ്രത്യുത, എട്ടിൽ ഏതു വിഭാഗത്തിനു നൽകിയാലും അത് അനുവദനീയമാണ്.**

*7. ഫീ സബീലില്ലാഹ്:* അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന, സ്വയം സന്നദ്ധരായവരും ബയ്തുൽമാലിൽനിന്നു ശമ്പളം പറ്റാത്തവരുമായ യോദ്ധാക്കളാണ് ഫീ സബീലില്ലാഹ് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അവർ ധനികരായാലും ദരിദ്രരായാലും സകാത്തിൽനിന്ന് നൽകപ്പെടണം.

*8. ഇബ്നുസ്സബീൽ:* തന്റെ നാടുവിടുകയും നാട്ടിലേക്കുള്ള യാത്ര തുടർത്തുവാൻ സമ്പത്ത് ആവശ്യമായി വരുന്നവനുമാണ് ഇബ്നുസ്സബീൽ.

**സകാത്ത് നൽകപ്പെടുവാൻ പാടില്ലാത്തവർ**

സകാത്ത് നൽകൽ അനുവദനീയമല്ലാത്ത വിഭാഗങ്ങൾ താഴെ പറയുന്നവരാണ്:

*1. ധനികന്മാരും സമ്പാദിക്കുവാൻ കഴിവുള്ളവരും:* തിരുനബി(സ്വ) പറഞ്ഞു: “ധനികനും അധ്വാനിക്കുവാൻ കെൽപ്പുള്ളവനും സകാത്തിൽ യാതൊരു വിഹിതവുമില്ല.” എന്നാൽ മുമ്പു വിവരിച്ചതുപോലെ സകാത്തിനുവേണ്ടി ജോലിചെയ്യുന്നവനും കടബാധ്യതയുള്ളവനും ധനികനാണെങ്കിലും സകാത്തിൽ നിന്നു നൽകപ്പെടും. അധ്വാനിക്കുവാൻ ശേഷിയുള്ളവൻ മതവിജ്ഞാനം നേടുന്നതിന് ഒഴിഞ്ഞിരിക്കുന്നവനും സമ്പത്തില്ലാത്തവനുമാണെങ്കിൽ അവനും സകാത്തിൽ നിന്ന് നൽകപ്പെടും. കാരണം, മതവിജ്ഞാനം തേടൽ അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാണ്. എന്നാൽ അധ്വാനിക്കുവാൻ ശേഷിയുള്ളവൻ ആബിദാവുകയും (ആരാധനക്കു ഒഴിഞ്ഞിരിക്കുന്നവൻ) ഐച്ഛിക കർമങ്ങൾക്ക് ഒഴിഞ്ഞിരിക്കുവാൻ ജോലി ഉപേക്ഷിക്കുകയും ചെയ്താൽ അയാൾക്കു സകാത്തിൽനിന്നു നൽകപ്പെടാവതല്ല. കാരണം വിജ്ഞാനത്തിൽനിന്ന് വ്യത്യസ്തമായി ഇബാദത്തിന്റെ പ്രയോജനം ആബിദിൽ പരിമിതമാണ്.

*2. ഉസ്വൂൽ (മാതാപിതാക്കൾ), ഫുറൂഅ് (മക്കൾ), ഭാര്യ എന്നിങ്ങനെ തന്റെമേൽ ചെലവുനൽകൽ നിർബന്ധമായവർ:* പിതാക്കൾ, മാതാക്കൾ, പിതാമഹന്മാർ, മാതൃ മഹതികൾ, മക്കൾ, മക്ക

ളുടെ മക്കൾ പോലുള്ള; ഒരു മുസ്‌ലിം ചെലവുകൊടുക്കൽ നിർബന്ധമായവർക്ക് തന്റെ സകാത്തു നൽകൽ അനുവദനീയമല്ല. കാരണം അവർക്കു സകാത്തു നൽകുന്നതിലൂടെ തന്റെ മേൽ നിർബന്ധമായ ചെലവുകളെ തൊട്ട് അവരെ അവൻ ധന്യരാക്കുകയും തന്റെമേലുള്ള ബാധ്യത ഇല്ലാതാക്കുകയും ചെയ്യും. അതിൽപിന്നെ സകാത്തിന്റെ ഫലം അയാളിലേക്കുതന്നെ മടങ്ങുകയും അയാൾ സ്വന്തത്തിനു സകാത്ത് നൽകിയതു പോലെയാവുകയും ചെയ്യും.

*3. മുഅല്ലഫുകളല്ലാത്ത (മനസ്സ് ഇണക്കപ്പെടാത്ത) അവിശ്വാസികൾ:* നബി(സ്വ) പറഞ്ഞു: "സകാത്ത് അവരിലെ ധനികന്മാരിൽ നിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ തന്നെ അഗതികളിലേക്ക് തിരിച്ചുനൽകപ്പെടുകയും ചെയ്യണം." അഥവാ, മുസ്‌ലിംകളിലെ ധനികന്മാരിൽനിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ അഗതികളിലേക്ക് തിരിച്ചുനൽകപ്പെടുകയും ചെയ്യണം. മറ്റുള്ളവരിൽനിന്നോ മറ്റുള്ളവരിലേക്കോ അല്ല. കാരണം, മുസ്‌ലിംകളിലെ അഗതികളെ ധന്യരാക്കലും മുസ്‌ലിം സമൂഹത്തിലെ വ്യക്തികൾക്കിടയിൽ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റേയും സ്തംഭങ്ങളെ നിലയുറപ്പിക്കലും സകാത്തിന്റെ ലക്ഷ്യങ്ങളിൽ പെട്ടതാണ്. അതാകട്ടെ അവിശ്വാസികളോട് അനുവദനീയവുമല്ല.

ഈ വിഭാഗമാളുകൾക്ക് സകാത്തു നൽകൽ അനുവദനീയമല്ലെന്ന് അറിവുള്ളതോടൊപ്പം വല്ലവനും അവർക്കു സകാത്തു നൽകിയാൽ അവൻ കുറ്റക്കാരനായി.

**സകാത്തു വീതിക്കുമ്പോൾ ഈ എട്ടു വിഭാഗങ്ങളെയും ഉൾപ്പെടുത്തൽ നിബന്ധനയാണോ?**

സകാത്തു വീതിക്കുമ്പോൾ പരാമർശിക്കപ്പെട്ട എട്ടു വിഭാഗങ്ങളെയും ഉൾപ്പെടുത്തൽ നിബന്ധനയല്ല എന്നതാണ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ ശരിയായത്. പ്രത്യുത, എട്ടിൽ ഏതു വിഭാഗത്തിനു നൽകിയാലും അത് അനുവദനീയമാണ്. അല്ലാഹു പറഞ്ഞു:

"നിങ്ങൾ ദാനധർമങ്ങൾ പരസ്യമായി ചെയ്യുന്നുവെങ്കിൽ അത് നല്ലതുതന്നെ. എന്നാൽ നിങ്ങളത് രഹസ്യമാക്കുകയും ദരിദ്രർക്ക് കൊടുക്കുകയുമാണെങ്കിൽ അതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം" (ക്വുർആൻ 2: 271).

നബി(സ്വ) പറഞ്ഞു: "സകാത്ത് അവരിലെ ധനികന്മാരിൽനിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ തന്നെ അഗതികളിലേക്ക് തിരിച്ചുനൽകപ്പെടുകയും ചെയ്യണം." ക്വുബയ്സ്വ(റ)യോട് തിരുമേനി(സ്വ) പറഞ്ഞു:

"സകാത്തു മുതൽ വരുന്നതുവരെ താങ്കൾ നമ്മുടെ അടുക്കൽ താമസിക്കുക. അതിൽ നിന്നു താങ്കൾക്കു നൽകുവാൻ ഞാൻ കൽപിക്കാം."

ഈ തെളിവുകളെല്ലാം 'ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും... മാത്രമാണ്' (ക്വുർആൻ 9: 60) എന്ന വചനത്തിന്റെ ഉദ്ദേശ്യം സകാത്തിന്റെ അവകാശികളെ വിവരിക്കലാണെന്നും സകാത്ത് വീതിക്കുമ്പോൾ അവകാശികളെ മൊത്തത്തിലുൾക്കൊള്ളിക്കലല്ലെന്നും അറിയിക്കുന്നു.

> **"നിങ്ങൾ ദാനധർമങ്ങൾ പരസ്യമായി ചെയ്യുന്നുവെങ്കിൽ അത് നല്ലതുതന്നെ. എന്നാൽ നിങ്ങളത് രഹസ്യമാക്കുകയും ദരിദ്രർക്ക് കൊടുക്കുകയുമാണെങ്കിൽ അതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം"**
> **(ക്വുർആൻ 2: 271).**

**സകാത്ത് മറ്റൊരു നാട്ടിലേക്കു കൊണ്ടുപോകൽ**

ആവശ്യമെങ്കിൽ സകാത്ത് മറ്റൊരു നാട്ടിലേക്ക് -പ്രസ്തുത നാട് അടുത്തതാകട്ടെ അകന്നതാകട്ടെ- കൊണ്ടുപോകൽ അനുവദനീയമാകുന്നു. ആ നാട് കൂടുതൽ ദരിദ്രമാവുക, അല്ലെങ്കിൽ സകാത്തു നൽകുന്നവന് വിദൂരമായ നാട്ടിൽ തന്റെ നാട്ടിലെ അഗതികളെപ്പോലെ അഗതികളായ ബന്ധുക്കളുണ്ടാവുക പോലുള്ള ആവശ്യങ്ങളാൽ സകാത്തു മറുനാട്ടിൽ വിതരണമാകാവുന്നതാണ്. സകാത്ത് ബന്ധുക്കൾക്ക് നൽകുമ്പോൾ അതിൽ സകാത്ത് നൽകുക, കുടുംബബന്ധം ചാർത്തുക എന്നീ പുണ്യങ്ങൾ കരഗതമാക്കലുമുണ്ട്. സകാത്ത് മറ്റൊരു നാട്ടിലേക്കു കൊണ്ടുപോകാമെന്ന അഭിപ്രായമാകുന്നു സ്വഹീഹായത്. വിശുദ്ധ വചനത്തിന്റെ പൊതുപ്രയോഗം അതാണറിയിക്കുന്നത്.

*(അവലംബം: 'അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന').*




# ഇസ്‌ലാമിക വൈദ്യത്തിന്റെ മാനുഷിക മാനങ്ങൾ

ഡോ. ടി. കെ. യൂസുഫ്
: 9349798262

എല്ലാ മനുഷ്യരെയും ഒന്നായിക്കണ്ട് അവരുടെ വേദന ലഘൂകരിക്കാനുള്ള മാർഗമാരായുന്ന ഒരു മാനുഷിക ഭാവമാണ് മുൻകാല മുസ്‌ലിം ഭിഷഗ്വരന്മാരുടെ ഒരു സവിശേഷത. മനുഷ്യരുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കാനുള്ള ഇസ്‌ലാമിക അധ്യാപനങ്ങളാണ് അവരെ അതിന് പ്രേരിപ്പിച്ചിട്ടുള്ളത്. രോഗികൾക്ക് മതനിയമങ്ങളിൽ ധാരാളം ഇളവുകൾ നൽകിയിട്ടുണ്ട്. രോഗിയെ സന്ദർശിക്കുന്നതിന്റെ പുണ്യം വിവരിക്കുന്ന ധാരാളം നബിവചനങ്ങൾ കാണാം. അവിശ്വാസിയായ രോഗിയെ സന്ദർശിക്കുന്ന വിഷയത്തിൽ ഒരു അധ്യായം പോലും ബുഖാരിയിലുണ്ട്. അതുകൊണ്ട് തന്നെ മുസ്‌ലിം ഡോക്ടർമാർ രോഗികളോട് യാതൊരു വേർതിരിവും കാണിച്ചിരുന്നില്ല.

അബൂബക്കർ അൽറാസി തന്റെ ശിഷ്യന്മാരോട് 'നിങ്ങളുടെ ലക്ഷ്യം രോഗിയുടെ ശമനമാകണ'മെന്നും 'രോഗികൾക്കിടയിൽ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള വേർതിരിവ് കാണിക്കരുതെ'ന്നും ഉപദേശിച്ചിരുന്നു. മാനുഷികാവകാശങ്ങൾക്ക് സമൂഹത്തിൽ പൊതുവെയും രോഗികൾക്ക് പ്രത്യേകിച്ചും ലഭിച്ചിരുന്ന പരിഗണന ഇസ്‌ലാമിക സാമ്രാജ്യങ്ങളുടെ മുഖമുദ്രയായിരുന്നു.

### അമുസ്‌ലിംകളുടെ സാക്ഷ്യങ്ങൾ

വൈദ്യശാസ്ത്ര രംഗത്ത് മുസ്‌ലിംകൾ നടത്തിയ സംഭാവനകൾ പാശ്ചാത്യരായ അമുസ്‌ലിം ശാസ്ത്രജ്ഞർ അംഗീകരിച്ചിട്ടുണ്ട്. വില്യം മോണ്ട് ഗോമറി വാട്ട് പറയുന്നത് ഇപ്രകാരമാണ്: 'ഒന്നിലധികം രംഗത്ത് പ്രതിഭ തെളിയിച്ച ഒരു മഹാനാണ് ഇബ്നു സീന. അദ്ദേഹം തത്ത്വചിന്തകനും ഭിഷഗ്വരനുമാണ്.' 'റാസിയെക്കാളും ഇബ്നു സീനയെക്കാളും വൈദ്യശാസ്ത്രത്തിന് സംഭാവനകൾ ചെയ്തവരില്ല' എന്നാണ് സുഡായിയോ പറയുന്നത്. ഇബ്നുസീനയുടെ കാനനും റാസിയുടെ ഹാവിയും വൈദ്യവിവരത്തിന് ഏറ്റവും വലിയ അവലംബമാണെന്നാണ് ഡോമിനിക് സോർഡൈൽ പറയുന്നത്.

ഫ്രഞ്ച് ഓറിയന്റലിസ്റ്റായ ഗോസ്റ്റാഫ് ലെബൻ പറഞ്ഞു: 'വൈജ്ഞാനിക രംഗത്ത് അറബികൾ നൽകിയ സംഭാവനകളിൽ ഏറ്റവും മികച്ചത് വൈദ്യം തന്നെയാണ്. അവർ വിവർത്തനം ചെയ്ത് ലോകത്തിന് നൽകിയ വിജ്ഞാനങ്ങളിൽ പലതും നഷ്ടപ്പെട്ടു. എന്നാൽ വൈദ്യം ഇപ്പോഴും ഉപയോഗപ്പെടുത്തപ്പെടുന്നു.' ജർമൻ ക്രിസ്ത്യാനിയായിരുന്ന പെർ ബെർമൻ 'മധ്യനൂറ്റാണ്ടിലെ മുസ്‌ലിം വൈദ്യം' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചത് മുസ്‌ലിംകൾ ഈ രംഗത്ത് നൽകിയ സംഭാവനകൾ ലോകത്തിന് നൽകുന്നതിന് വേണ്ടിയാണ്. മുസ്‌ലിംകൾ അവരുടെ വിഭവശേഷി വൈദ്യരംഗത്ത് സമർപ്പിക്കുകയും ചികിത്സയിലും ശസ്ത്രക്രിയയിലും ലോകോത്തരമായ ആതുരാലയങ്ങൾ ഇസ്‌ലാമിക നഗരങ്ങളിൽ സ്ഥാപിക്കുകയും എല്ലാ മതസ്ഥർക്കും അതിൽ ചികിത്സ നൽകുകയും ചെയ്തുവെന്നാണ് ഹോവാർഡ് ടെർണർ പറയുന്നത്. ഏറ്റവും കൂടുതൽ കാലം വൈദ്യപഠനത്തിന് അവലംബമായി വർത്തിച്ചത് ഇബ്നുസീനയുടെ കാനനാണ്. പതിഞ്ചാം നൂറ്റാണ്ടിൽതന്നെ അത് പതിനഞ്ചു തവണ അച്ചടിക്കുകയുണ്ടായി. പതിമൂന്ന് മുതൽ പതിനേഴ് വരെ നൂറ്റാണ്ടുകളിൽ മറ്റു ഗ്രന്ഥങ്ങളൊന്നുമുണ്ടായിരുന്നില്ല എന്നാണ് ഓസ്ലർ പറയുന്നത്.

### ഔഷധ ശാസ്ത്രവും മുസ്‌ലിംകളും

വൈദ്യശാസ്ത്ര രംഗത്ത് മുസ്‌ലിംകൾ നൽകിയ സംഭാവനകൾ പാശ്ചാത്യർക്ക് മാതൃകയായെങ്കിൽ ഔഷധ നിർമാണ ശാസ്ത്രത്തിലെ മുസ്‌ലിം സംഭാവന പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ അംഗീകരിച്ചതാണ്. ഔഷധ നിർമാണം പരീക്ഷണ നിരീക്ഷണത്തിലൂടെ നിർവഹിക്കേണ്ട ഒരു ശാസ്ത്രമാണെന്ന് ആദ്യമായി പ്രഖ്യാപിച്ചത് മുസ്‌ലിംകളാണ്. മരുന്ന് നിർമിക്കുന്നവന് രസതന്ത്രത്തിലും ജീവശാസ്ത്രത്തിലും സസ്യശാസ്ത്രത്തിലും അഗാധ ജ്ഞാനം ആവശ്യമാണ്. ഔഷധ നിർമാണ രംഗത്ത് ആദ്യമായി ഗ്രന്ഥരചന നടത്തിയത് മുസ്‌ലിംകളാണ്. ചരിത്രാതീതകാലം തൊട്ടുതന്നെ ചില ജനവിഭാഗങ്ങൾ ചില ചെടികൾക്ക് വേദന ശമിപ്പിക്കാനും രോഗം മാറ്റാനും കഴിവുണ്ടെന്ന് മനസ്സിലാക്കിയിരുന്നു. രോഗമുള്ള മൃഗങ്ങൾ ഇത്തരം ചെടികൾ ഭക്ഷിച്ച് സുഖം പ്രാപിക്കുന്നത് അവർ ശ്രദ്ധിച്ചിരുന്നു. ഇത് അവർ മനുഷ്യരിലും പരീക്ഷിച്ചു. പക്ഷേ, അത് വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല.

*(തുടരും)*

# ആസ്വാദനത്തിലെ തെറ്റും ശരിയും

നസീമ വാടാനപ്പള്ളി

ഇമാം ത്വബ്‌രി(റഹി) പറഞ്ഞു: "വിശുദ്ധ ക്വുർആനിന്റെ വ്യാഖ്യാനം അറിയാതെ പാരായണം ചെയ്യുന്നവരുടെ വിഷയത്തിൽ എനിക്ക് അതിശയം തോന്നുന്നു. അവർക്ക് എങ്ങനെയാണ് അതിന്റെ പാരായണ മാധുര്യം ആസ്വദിക്കാനാവുന്നത്?" (മുഅ്ജമൽ ഉദബാഅ് 18/63).

ശൈഖ് ഇബ്നു ബാസ്(റഹി) പറഞ്ഞു: "ചിലർ അല്ലാഹുവിനോടുള്ള പ്രാർഥനയിൽ കരയും. (എന്നാൽ) അല്ലാഹുവിന്റെ ക്വുർആൻ കേൾക്കുന്ന സന്ദർഭത്തിൽ കരയുകയുമില്ല. (ഇങ്ങനെയുള്ളവർ) തന്റെ നഫ്സിനെ ചികിൽസിക്കൽ അനിവാര്യമാണ്. ക്വുർആൻ പാരായണത്തിലുള്ള ഭയഭക്തി അവന്റെ പ്രാർഥനയിലുള്ള ഭയഭക്തിയെക്കാൾ ഏറ്റവും മഹത്ത്വമേറിയതാകുന്നു" (ഫതാവ 11/34).

അധികമാളുകളും റമദാൻ മാസത്തിലല്ലാതെ വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നില്ല. പാരായണം ചെയ്യുന്നവരിൽ തന്നെയും ധാരാളം പേർ ഒരു ദിനചര്യയെന്നോണം അത് നിർവഹിക്കുന്നില്ല. എന്നാൽ സാമൂഹ്യ മാധ്യമങ്ങളിലും മറ്റും ഏറെ സമയം ചെലവഴിക്കുന്നു.

ജീവിതത്തിൽ ആസ്വാദനങ്ങൾ പല നിലക്കാണ്. ജീവിതത്തിന്റെ പല മേഖലകളെയും പലതരത്തിൽ മനുഷ്യർ ആസ്വദിക്കുകയും ചെയ്യുന്നു. സ്രഷ്ടാവിനെ തിരിച്ചറിഞ്ഞുകൊണ്ട് അവനു വിനയപ്പെട്ട് ജീവിതം ചിട്ടപ്പെടുത്തുകയും അവനുള്ള ആരാധനകളിൽ മുഴുകുകയും ചെയ്ത് ജീവിതത്തെ ആസ്വദിക്കുന്നവരുണ്ട്. ലക്ഷ്യബോധമില്ലാതെ നിഷിദ്ധമായ നൈമിഷിക സന്തോഷങ്ങളിൽ ആസ്വാദനം കണ്ടെത്തി, പിന്നീട് തീരാനഷ്ടത്തിലേക്ക് വഴുതിപ്പോകുന്നവരുണ്ട്. 'മൈ ബോഡി, മൈ ചോയ്സ്' എന്ന മുദ്രാവാക്യവുമായി ജീവിതത്തെ തോന്നിയപോലെ ആസ്വദിക്കുന്നവരുടെ എണ്ണം ഇന്ന് ഏറി വരികയാണ്. അധാർമികതകൾക്ക് വ്യത്യസ്ത പേരുകൾ നൽകി ആഘോഷമാക്കി ആസ്വദിക്കുകയാണ് പുതുതലമുറ. ഇത്തരം ആസ്വാദനങ്ങൾ ഖേദത്തിനിടവരുത്തുമെന്ന് പറയുന്നവരോട് അവർക്ക് പുച്ഛമാണ്.

ഏതൊരു പ്രവൃത്തിയാകട്ടെ, ചെയ്യുമ്പോൾ കുറ്റബോധമില്ലാത്തതും പിന്നീട് അതിന്റെ പേരിൽ ഖേദിക്കാനിടവരാത്ത തരത്തിൽ, മനസ്സിന് സന്തോഷവും സമാധാനവും നൽകുന്നതുമായിരിക്കുമ്പോഴാണ് അതിൽ ശരിയായ ആസ്വാദനം കണ്ടെത്താൻ കഴിയുക. എന്നാൽ തിരിച്ചറിവില്ലാത്ത മനുഷ്യർ താൽക്കാലിക ആസ്വാദനങ്ങൾക്കു പിന്നാലെ പായുകയാണ്.

സന്തോഷത്തിലും സന്താപത്തിലും ചിലർ ആസ്വാദനം കണ്ടെത്തുന്നത് മദ്യപാനത്തിലൂടെയാണ്. മയക്കുമരുന്നിലും കാതടപ്പൻ സംഗീതത്തിലും അവിഹിത ബന്ധങ്ങളിലുമെല്ലാം ആസ്വാദനം കണ്ടെത്തുന്നവരുണ്ട്. സ്വന്തം ആരോഗ്യം നഷ്ടപ്പെടുന്നതും കുടുംബ ജീവിതം ശിഥിലമാകുന്നതുമൊക്കെയാണ് ഇതുകൊണ്ടുള്ള നേട്ടങ്ങൾ.

ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്നതും അനിവാര്യവുമായ ഒന്നാണ് സമാധാനം. സമാധാനം തേടി അലയുന്നവരുണ്ട്. നേരത്തെ പറഞ്ഞതുപോലെ പലരും സമാധാനം കണ്ടെത്തുന്നത് ലഹരി വസ്തുക്കളിലാണ്. മറ്റു ചിലരാകട്ടെ ആത്മീയ തട്ടിപ്പു കേന്ദ്രങ്ങളിൽ അഭയം തേടുന്നു.

'സിയാറത്ത് ടൂർ' എന്ന ഓമനപ്പേരിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ജാറങ്ങളിലേക്ക് ആകർഷകമായ പരസ്യത്തിലൂടെ പാമരജനങ്ങളെ മാടിവിളിക്കുന്ന പണ്ഡിത വേഷധാരികളുണ്ട്. അല്ലാഹുവിനോട് പ്രാർഥിക്കുന്നതിൽ ആസ്വാദനം കണ്ടെത്താൻ കഴിയാത്തവർ എന്നോ മരിച്ച് മണ്ണടിഞ്ഞവരെ വിളിച്ചു തേടി അതിൽ ആസ്വാദനവും സമാധാനവും കണ്ടെത്തുന്നു!

എൻഎൽപി, മെന്റലിസം പോലുള്ള പേരുകളിൽ അറിയപ്പെടുന്ന, മതത്തിന് യോജിക്കാത്ത ആത്മീയ തട്ടിപ്പുവലകളിൽ വലിയ തുക ഫീസ് നൽകി വീഴുന്നവരുണ്ട്. കണ്ണടച്ചിരുന്ന് ധ്യാനിക്കലും ക്വുർആൻ ഓതി കൂട്ടമായി ഉച്ചത്തിൽ കരയലും ചിരിക്കലുമൊക്കെയാകുമ്പോൾ ആളുകൾ അതിൽ ആസ്വാദനം കണ്ടെത്തുന്നു. അല്ലാഹുവിനെ കുറിച്ചുള്ള സ്മരണകൊണ്ടാണ് ഹൃദയങ്ങൾ ശാന്തമാവുക എന്ന, റബ്ബിന്റെ വചനത്തിന് വില കൽപിക്കാത്തവർക്ക് എന്ത് സമാധാനവും ആസ്വാദനവുമാണ് ലഭിക്കുക?



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

SCHOOL OF Qur'an

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**


+91 86067 88882 | +91 75940 88003

Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam | Malappuram | Kerala- 676519

www.schoolofquran.in Info@schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
07 March2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

14 Years of Colourful Smiles

നിറമുള്ള പെരുന്നാളുകളിലും,
നീറിപ്പുകയുന്ന കുടുംബകങ്ങൾ..
ഒരു കുഞ്ഞുടുപ്പിനായി
ഈദ് കിസ്‌വകളെ
മാത്രം ആശ്രയിക്കുന്നവർ..

ഉള്ളതിൽ നിന്നൊരോഹരി
ഉള്ളറിഞ്ഞ് പകുത്തുനൽകാം..

# ഈദ് കിസ്‌വ



ഒരു കുട്ടിക്ക്
₹1300

പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

കൂടുതൽ വിവരങ്ങൾക്ക്
7560 902 902
എന്ന നമ്പറിൽ ബന്ധപ്പെടുക

Wisdom Islamic Students Organisation Kerala State Committee
CV Complex, PV Swami Road, Calicut

wisdomstudents